# കർമ്മെലസന്ദേശം

No.228 സെപ്റ്റംബർ 2015

## CONTENTS


Editorial ...........................................................................3

Prior General's Message ......................................................7

ഡോ. ആന്റണി കരിയിൽ മാണ്ഡ്യ രൂപതയുടെ മെത്രാൻ..........11

വ്യക്തിത്വ വളർച്ചയും ആദ്ധ്യാത്മിക മാർഗ്ഗദർശനവും......................13

ചാവറയച്ചൻ (കവിത)...........................................................................19

അമ്മയും സ്ത്രീയും..........................................................................................23

കത്തോലിക്കാ സഭയും നിരന്തരപ്രാർത്ഥനയും...............................27

ചാവറ സർവ്വകലാശാല.............................................................................34

"Tongue Flu"..........................................................................36

Towards Holiness ..................................................................40

Anusmrithi.........................................................................43

Golden Records..................................................................71

News & Views.....................................................................75

കർമ്മെലയിലെ സൗഗന്ധികങ്ങൾ.............................................89

## *Editorial*

The latest issue of *Carmela Sandesam* comes to you a little late due to technical reasons. Regret this delay due to unavoidable circumstances. However, most of you have been up to date with the developments in the congregation through the regular news updates and the bulletins from various provinces and from the centre thanks to the alert team who are eager to see communications happen and reach all of us.

In the meantime, Renewal sessions were held in all the South Indian CMI Provinces, Rome, UK, the Americas. Africa, Australia and The North Indian Provinces and the Study Houses are in the wake of holding the Renewal programmes in their respective places. The Renewal programmes helped us to go deeper into the charism of the founders of our congregation and also to recharge ourselves spiritually in the context of the canonization of our founder St Kuriakose Elias Chavara with the four main thrusts identified through prayer and discernment of the members of Synaxis XXXVII. The thrusts identified are: 1. Being Deeply Rooted in the CMI Communitarian Charism, 2. Commitment to the Poor and the

Marginalized, 3. Renewal of Families after the Model of St Chavara, and 4. Proclaiming the Gospel "to the Ends of the Earth." The renewal gatherings have been occasions of sharing and enjoying the feeling of community and the congenial vibrations of coming together and collectively discussing practical ways of living the thrusts identified for the congregation.

Reflections of Pope Francis on the religious and religious life as he expressed them in the Assembly of Superiors of Religious on November 29, 2013 in Rome, have been working as a backdrop for General Synaxis XXXVII. He wanted the religious to be a melody or a wake up song to the world. According to the Pope, as he himself being a religious, "The Church must be attractive. Wake up the World! It is possible to live differently in the world. We are speaking of an eschatological outlook, of the values of the Kingdom incarnated here, on this earth." For him, religious are "men and women who light the way to the future."Being sinners and human do not exempt us from being holy and prophetic as well. The Pope also urges the religious to go the peripheries and to understand the realities and life-experiences of the people. Charism, according to the Pope is not a bottle of distilled water, caged and protected; it is dynamic and should be adaptive and open to inculturation given the disparity and disproportion of vocations geographically and culturally.

One of the issues for our congregation in the light of the thrusts identified is the global mission and the challenges we face. There could be differences of opinion given the fact that we belong to Syro-Malabar rite and our primary commitment is to that Church and its priorities. More than the theoretical and future requirements of religious in large numbers working in the extended territories of this individual church, in the present situation, more of our religious could be deployed in South America and Africa where there is an acute need for pastoral care. With a proven track record of our missionaries breaking the barriers of language, culture and ritual differences, the spiritual impact of the strong spirituality of an apostolic church in a transplanted milieu

can give birth to a new dimension to the way of how Christian spirituality is practiced there. Greater awareness of these facts and geographical regions inviting and welcoming missionaries form Kerala, therefore is in the divine plan for us to respond generously. In the developed countries our involvement could be evaluated and made more meaningful through our moving to 'the peripheries.'

Another issue we discuss in the context of our ministry is the wrong perception that education is the only ministry that we do and it is a sector that eclipses many other ministries that we are engaged in. It is true that we have a good number of our members working in this field where we can meaningfully be involved and carry on our religious vocation. What the Pope identified as pillars of education are: 'convey understanding, convey ways of doing things, convey values. Faith is conveyed through these. The educator should be up to being a person who educates, he or she should consider how to proclaim Jesus Christ to a generation that is challenging." Hence, this 'key mission,' as the Pope calls it, embraces all other ministries in it and it is where we are really encountering people, a challenging generation in large numbers. Even if many other ministries we do may not be in the limelight as education, we are all in the ministry of proclamation. Along with the visibility, there are challenges and internal weaknesses that are able to subvert our education. Fundamentalism that can raise counter propaganda, commercial interests buying out the education to monopolize it, our own insensitivity resulting from survival instinct, and dreams of expansion making education unaffordable to the large number of poor people for whom the many of the necessities of life recede like the horizon due to inflation and escalating costs of education, practical problems leading to a compromise on quality, and growing gap between the stakeholders in education. To succumb to greed is in no way tolerated by the society and is against our mission. The decision of the chapter to impose the tithing even in education providing free education to the poor is to be approached from this perspective.

A third issue we discuss and legislate is the call to community life in the context of global mission and missions outside Kerala. The Pope said: “Religious brotherhood with all its possible diversity, is an experience of love that goes beyond conflicts. Community conflicts are inevitable: in a certain sense they need to happen, if the community is truly living sincere and honest relationships.” Communitarian dimension of our religious life was one of the areas that went into our agenda during renewal programmes. That many of the bishops from the developed world and from the missions in South America would like to see us taking up the missions from communities where our members live together and witness to the evangelical vows itself point to the urgency to promote communities of our congregation in the different missions we work globally. In this context what Cardinal Leonardo Sandri, Prefect of the Congregation for the Eastern Churches, wrote on the occasion of the Year of Consecrated Life is also very relevant: “The presence of monasteries in the Diaspora is very auspicious as they are the irreplaceable expressions of spirituality of our Church. The Oriental monks will be able to offer the possibility to the Christian faithful of the Latin Church, to become rich in oriental spirituality as emphasized by St. John Paul II: ‘The presence of Oriental monasteries would give greater stability to the Oriental Churches in those countries and would make valuable contribution to the religious life of Western Christians.’” It is worthwhile again to listen to the Holy Father: “Sometimes living fraternally is difficult, but if it is not lived it is not productive. Work, even that which is ‘apostolic’ can become an escape from fraternal life. If a person cannot live brotherhood he cannot live religious life.” [The papal quotes in this article are from La Civiltà Cattolica]

**Fr Sebastian Thekkedathu CMI**
**General Councillor for Education and Media**

## *Message from Fr. Prior General*



***Dear Rev. Fathers and Brothers,***
On 15th August, 2015, the concluding ceremony of Chavara Year was held in Dharmaram College. The sharing of the provincials and major seminary rectors revealed that it was indeed a time of grace, blessings and renewal in our personal and community lives and in our commitment to God's call and to the needs and concerns of the poor and the needy.

While we prepare for the anniversary of the historic canonization event of our beloved founder, let us share the learning we had during this blessed time in history. The following are the 10 lessons I have learnt from Chavara year experience.

1. **Power of CMI *we* feeling**: Canonization was a wakeup call for the CMIs to experience that we have a father in St. Kuriakose Elias Chavara and we belong to one family. All could experience an extraordinary brotherly emotional bond in working together for the canonization events.

2. **Power of prayer and fasting**: An inner desire was found among the members to spend time in prayer and adoration, Chavara Retreats and Renewal programmes. Taking the legacy of St. Chavara, communities and provinces initiated perpetual adoration, daily adoration, weekly adoration and annual 40 hours adoration. Dedicated centres for confession and spiritual counselling were activated.
3. **Power of CMI *can* attitude:** A mark of excellence was found in all the events of canonization and post canonization across the world. The vigil service, thanksgiving mass in Rome, Kakkanad and other places were something miraculous. Many commented, only CMIs can do it and some NRI friends appreciated, they were given a new identity.
4. **Power of resource pooling and sharing:** Mar Joseph Kallarangat stated that CMIs really pooled all their resources of prayer, talents, creativity, contacts, relationships and finance.
5. **Power of working hard and working together:** It was not a routine job and there was not one with a predictable outcome. But imagination, hardwork and togetherness made it possible by God's grace.
6. **Power of being with and for the poor:** The voice, "Don't forget the poor in your celebration" was echoed and 25% of the cost on celebration was spent on acts of charity such as care of the cancer patients and their families, professional education to the poor students and houses for the homeless. The concluding ceremony was ended with common lunch with the poor people in Dharmram dining hall.
7. **Power of learning and writing:** A spirit of learning was visible during this blessed time. Books and articles were written, Apps were created. Chavara study centres, School of Thought and Chairs were established. Seminars and Conferences were held in a true spirit of learning in depth.
8. **Power of networking:** We planned and worked togher with CMC family in realizing the canonization events. We also learnt the art and benefit of working together with the bishops,

priests, religious and laity along with the civil servants and public personnel.

9. **Power of CMI extended family:** The CMI extended family - the family members of CMIs, ACMI, neighborhood communities, our institutions, parishes, and other centres – stood along with us and was a great source of strength in need.
10. **Power of CMI Mission and Missionaries:** The event of canonization was truly a grace upon grace for the CMI missionaries across the globe. In all 156 dioceses our members are engaged in there was a Chavara momentum.

Chavara year and canonization events have given us a new momentum. We are the living testaments and legacies of St. Chavara and we shall consciously continue the historic momentum to take us to the 2nd century of our beginning. Let the following words of our founder always echo in our hearts to make constant retreat to *besrauma* experience. "*Beloved brethren, this humble congregation of ours is not man made. You are witness to the truth that God has nurtured it with genuine care and helped it to grow. Persecution by men or discouragements from them cannot destroy it. But one thing can cause its destruction. If we forget our holy vocation and neglect the sacred dirties of our state and fail in humility, charity, religious modesty and genuine devotion and are satisfied with valuing them only in spirit and words and not in deeds, within a short time, all these houses will fall to ruin.*"

*If a father buys his child toffees instead of books for school, it may make for a happy child. But does it make a good father? The saintly father has given his children the right message to a lifelong mission.*

In order to live up to the expectations of our beloved founder, we shall be ready for constant discernment of God's plan concerning us in our

personal and community lives. Let us translate our discernment efforts into committed plan of action.

1. I will find joy in being with the Eucharistic Lord in daily prayer and adoration and will spread the joy of the gospel with a Eucharistic heart.
2. I will continue the special devotion to the holy family and will be a messenger of joy to the families.
3. I will foster devotion to our Lady and will be the best wine of joy to the lonely and sorrowful within and outside.
4. I will celebrate my community life and prioritize my time to be with and for the community for effective communion.
5. I will welcome more poor people to my life, my house, my institution and mission so that I will be good news to the poor.
6. I will be a pastor like St. Chavara and be creative in my pastoral care new ways of evangelizing through life, retreat and frontier ministries.
7. I will opt myself to the mission to the far off territories and and pray for our missionaries in the distant lands.
8. I will use all available media and public sphere for the promotion of the gospel.
9. I will foster genuine love for the nature and promote simplicity of life through my example.
10. I will promote Chavara legacy through my life, study and ministry and promote the goodness in my members to the ends of the earth.

May St. Kuraikose Elias Chavara, our beloved founder, take delight in heaven seeing the communion and good works of CMIs!

**Fr. Paul Achandy CMI**
Prior General



## ഡോ. ആന്റണി കരിയിൽ സി. എം. ഐ. മാണ്ഡ്യ രൂപതയുടെ മെത്രാൻ

സാമൂഹ്യശാസ്ത്ര അദ്ധ്യാപകനും ഭരണനിപുണനും സി.എം.ഐ. സഭയുടെ മുൻ ജനറാളും തിരുഹൃദയ പ്രവിശ്യയുടെ മുൻ പ്രൊവിൻഷ്യലുമായ ഡോ. ആന്റണി കരിയിൽ സി.എം.ഐ. മാണ്ഡ്യരൂപതയുടെ അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടു. തലശ്ശേരി അതിരൂപതാധ്യക്ഷനായി സ്ഥാനകയറ്റം ലഭിച്ച മാർ ജോർജ്ജ് ഞരളാട്ടു പിതാവിന്റെ പിൻഗാമിയായി നിയമിക്കപ്പെടുന്ന റവ. ഡോ. ആന്റണി കരിയിൽ വിദ്യാഭ്യാസ രംഗത്ത് ശക്തമായ സാന്നിധ്യമായിരുന്നു. ബാംഗ്ലൂർ ക്രൈസ്റ്റ് കോളേജ്, രാജഗിരി കോളേജ് എന്നിവയുടെ സാരഥിയും ഒട്ടേറെ

വിദ്യാഭ്യാസ സംബന്ധിയായ യൂണിവേഴ്സിറ്റി സമിതികളിലുമുള്ള പ്രവർത്തനപരിചയവും ഭരണാനുഭവമായി ആത്മീയ ഇടയനായി മാണ്ഡ്യയിലെത്തുന്ന പിതാവിനെ കാത്തിരിക്കുന്നത് തന്റെ മുൻ പ്രവർത്തനമേഖലയായ ബങ്കളൂരു ഉൾപ്പെട്ട വിശാലമാക്കപ്പെട്ട മാണ്ഡ്യരൂപതയാണ്. ഒക്ടോബർ 18-ാം തിയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൈസൂർ ഹിങ്കൽ സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് മെത്രാഭിഷേകം.

നിയുക്ത മെത്രാന് സി.എം.ഐ. സഭയുടെ ആദരവും അഭിനന്ദനവും പ്രാർത്ഥനകളും ആശംസകളും..!

# വ്യക്തിത്വ വളർച്ചയും ആദ്ധ്യാത്മിക മാർഗ്ഗദർശനവും ഇന്നത്തെ കാഴ്ചപ്പാടിൽ

**ഫാ. മാത്യു ആനത്താരയ്ക്കൽസി.എം.ഐ.**

**ആമുഖം:**

ദൈവാരൂപിയുടെ നിർണ്ണായകമായ ദിവ്യസാന്നിധ്യം വിവേചിച്ചറിയുന്നത് മനുഷ്യരാകുന്ന മാധ്യമങ്ങളിലൂടെയാണ്. നാം ദൈവാനുഭവത്തിൽ വളരുന്നത് അദ്ധ്യാത്മിക മാർഗ്ഗനിർദ്ദേശം സ്വീകരിച്ച് അതിലൂടെ നൂതനമായി ജീവിതാനുഭവങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ജീവിയ്ക്കുമ്പോഴാണ്. ആദ്ധ്യാത്മിക മാർഗ്ഗനിർദ്ദേശം ഒരു കലയാണെന്ന് പറയാം. ഇതിനെ ശാസ്ത്രങ്ങളുടെ ശാസ്ത്രവും, കലകളുടെ കലയും എന്ന് ഗ്രിഗറി നസിയാൻസൺ വിശേഷിപ്പിക്കുന്നു. ഇത് നൈസർഗ്ഗീയമായി ലഭിക്കുന്നതല്ല. . പ്രത്യുത പരിശുദ്ധാരൂപിയുടെ അനുഭവത്തിൽ ഗുരുവും സാധകനും (The person providing spiritual direction and the person

seeking spiritual guidance) തമ്മിലുള്ള സ്ഥായിയായ സഹകരണത്തിന്റെ പരിണതഫലമായി ലഭിക്കുന്നതാണ്. ആദ്ധ്യാത്മികനിയന്ത്രണം എന്നു പറയുന്നുണ്ടെങ്കിലും ആത്മാവു മാത്രമല്ല, സമ്പൂർണ്ണ വിശ്വാസജീവിതമാണ് ആദ്ധ്യാത്മിക നിയന്ത്രണത്തിന് വിധേയമാകുന്നത്.

### 1. ആദ്ധ്യാത്മിക നിയന്ത്രണത്തിന്റെ ലക്ഷ്യവും പ്രസക്തിയും

a) ദൈവവുമായി വ്യക്തിഗതമായ ബന്ധം സ്ഥാപിച്ച് വളരാൻ സഹായിക്കുക.
b) ഈ ബന്ധത്തിന്റെ അനന്തരഫലങ്ങൾ ജീവിതത്തിൽ അനുവർത്തിക്കാനുള്ള കഴിവ് ആർജ്ജിക്കുക.

ആദ്ധ്യാത്മിക മാർഗ്ഗനിർദ്ദേശം എന്നത് ഉപദേഷ്ടാവും സാധകനും തമ്മിലുള്ള പരിശുദ്ധാത്മാവിനാൽ പ്രകാശിതമായ ഒരു വ്യക്തിബന്ധമാണ്. ഈ ബന്ധത്തിൽ ഗുരു സാധകനെ വ്യക്തിപരമായ ദൈവാനുഭവത്തിന്റെ ആഴങ്ങളിലേയ്ക്ക് ആനയിക്കുന്നു. സുവിശേഷാത്മക ജീവിതത്തോട് വിശ്വസ്തത പുലർത്തി കൊണ്ടുള്ള ദൈവാനുഭവത്തിനുള്ള പരിശീലനമാണിവിടെ നടക്കുക. പരിശീലനത്തിലൂടെ ആദ്ധ്യാത്മിക ജീവിതത്തിൽ വളരുകയും തന്റെ ദൈവവിളിയുടെ മഹത്വം തിരിച്ചറിയുകയും ചെയ്യുന്നു. ഗുരുവും സാധകനും തമ്മിലുള്ള ബന്ധത്തിന്റെ കേന്ദ്രബിന്ദു പരസ്പര ധാരണയാണ്. ദൈവത്തിന്റെ ആഹ്വാനം നിരന്തരം ശ്രവിക്കുന്നതിനു സഹായിക്കുന്ന സാധകന്റെ സ്വകാര്യത തന്റെ ഗുരുവിന്റെ മുമ്പിൽ പുഷ്പം വിടരുന്നതുപോലെ തുറന്നു വയ്ക്കുന്നു. ഗുരുവിന്റെ ശ്രവണം ബാഹ്യമായ ശ്രവണംമാത്രമല്ല ഹൃദയത്തിലേയ്ക്ക് സംവഹിക്കുകയാണ് ചെയ്യുന്നത്. അതായത്, ഇത്തരം സന്ദർഭങ്ങളിൽ ഗുരുവിന്റെ ശ്രവണം വാക്കുകളിലൂടെ പ്രകടമാകുന്നതിലേറെ സാധകന്റെ ആന്തരിക ജീവിതത്തെ ആഴത്തിൽ സ്പർശിക്കുന്നതായിരിക്കണം. സാധകൻ പങ്കുവയ്ക്കുന്ന കാര്യങ്ങൾ അപഗ്രഥിക്കുക, സൂക്ഷ്മാവലോകനം ചെയ്യുക തുടങ്ങിയവ ഒഴിവാക്കാനാവില്ല. അതേ സമയം ഒരു സജീവ വ്യക്തിയുടെ ഹൃദയതുടിപ്പുകളായി ഇവയെതിരിച്ചറിയുവാൻ സാധിക്കണം. വ്യക്തിയെ ആഴത്തിൽ മനസ്സിലാക്കലാണ് പ്രധാനം സാധകനെ ശ്രവിക്കുന്ന ഗുരു ഇപ്പോഴത്തെ അവസ്ഥയിൽ സാധകനെ അലട്ടുന്ന പ്രശ്നങ്ങൾ ഏവയെന്നും അവ എന്തെന്തു പ്രതിഫലനങ്ങൾ അയാളിൽ ഉളവാകുന്നു എന്നു മനസ്സിലാക്കണം.

ഹൃദയശ്രവണമെന്ന ചാതുര്യം ഉള്ള ഗുരു മിതഭാഷിയായിരിക്കും. വെളിപ്പെടുത്തലിന് സഹായകവും, യുക്തവുമായ ചോദ്യങ്ങൾ ചോദിച്ച് സഹായിക്കും. പ്രശ്നക്കാരിയായ അനുഭവങ്ങളെ പങ്കിടാൻ ആത്മാർത്ഥമായി സഹകരിക്കും. ഗുരു, സാധകൻ വെളിവാക്കിയ കാര്യങ്ങളിലേയ്ക്ക് ആഴ്ന്നിറങ്ങാൻ പോന്ന നിശബ്ദത പാലിക്കും. ചുരുക്കത്തിൽ സാധകൻ പ്രകടിപ്പിച്ചതിന്റെ സാരാംശം മനസ്സിലാക്കി സമാധാന മാർഗ്ഗത്തിലേയ്ക്ക് ഉത്സാഹപൂർവ്വം നയിക്കും. സാധകന് പ്രകോപനമുണ്ടായപ്പോൾ തോന്നിയ ഭയം, അരക്ഷിതാബോധം, കുറ്റബോധം എന്നിവയൊക്കെ അതിജീവിക്കാൻ ഉതകുന്ന സമീപനം ഗുരുവിൽ നിന്നുണ്ടാകണം. സാധകൻ വിവരിച്ച് പങ്കുവയ്ക്കുന്ന കാര്യങ്ങൾ വച്ച് വിധിക്കുകയോ നിസ്സാരമായി കാണുകയോ ചെയ്യരുത്. അങ്ങനെ അയാളുടെ വികാരത്തെ മാനിക്കുന്നതും, മനസ്സിന്റെയും, ഹൃദയത്തിന്റെയും ആരോഗ്യകരമായ വികാസത്തെ ത്വരിതപ്പെടുത്തുന്നതിനും സഹായിക്കും. ചുരുക്കത്തിൽ ഗുരുവിന്റെ ശ്രദ്ധാപൂർവ്വകമായ ശ്രവണത്തെയും ആത്മാർത്ഥമായ പങ്കുവയ്ക്കലിനേയുമാണ് ഇവിടെ ഊന്നി പറയുന്നത്. ആദ്ധ്യാത്മികമാർഗ്ഗനിർദ്ദേശം കൈപിടിച്ചു നടത്തലല്ല, ഒരു സഹയാത്രയായി അതിനെ വിശേഷിപ്പിക്കുന്നതാവും ഉചിതം. ഇത്തരത്തിലുള്ള ബന്ധത്തിൽ സാധകനെ ദൈവാനുഭവത്തിൽ വർത്തിക്കുന്നതിനും ദൈവവുമായി ഉള്ളുതുറന്ന് സംവദിക്കുന്നതിലുള്ള വിവേചനാശക്തി കൈവരിക്കുന്നതിനും സഹായിക്കുന്നു. മാത്രമല്ല, സാധകന് തന്നിലെ ദൈവിക പ്രതിഛായയെ കൂടുതൽ തെളിമയുള്ളതാക്കുന്നതിന് ഗുരു-സാധകബന്ധം സഹായമാകുന്നു. ഏതുജീവിത സാഹചര്യത്തിലും വിശ്വസ്തത പുലർത്തുവാൻ തക്ക തിരിച്ചറിവ് സാധകന് ഇത്തരത്തിലുള്ള ആത്മീയ ബന്ധത്തിലൂടെ ആർജ്ജിക്കാൻ കഴിയണം. രൂപീകരണ പ്രക്രിയയിൽ ആദ്ധ്യാത്മിക ഗുരു സാധാരണഗതിയിൽ രൂപീകരണ കർത്താവ് (formator) ആകാതിരിക്കുന്നതാണ് ഉചിതം.

### 2. ആദ്ധ്യാത്മിക മാർഗ്ഗനിർദ്ദേശവും സാധകന്റെ സാകല്യ വളർച്ചയും

ആദ്ധ്യാത്മിക മാർഗ്ഗനിർദ്ദേശം സാധകന്റെ സമഗ്രവളർച്ചയാണ് ഉന്നം വയ്ക്കുന്നത്. ഇത് സാധിക്കുന്നത് യഥാർത്ഥ ബന്ധങ്ങൾ സ്ഥാപിച്ച്, നിലനിർത്തി, ഫലമണിയുന്നതിലൂടെയാണ് .

ദൈവത്തോടും മനുഷ്യരോടും തന്നോട് തന്നെയും പ്രപഞ്ച ത്തോടുമുള്ള ബന്ധം പരമപ്രധാനമായി തന്നിൽ വസിക്കുന്ന ദൈവ ത്തോട് സ്വതന്ത്രമായും സ്വഛന്ദമായും സന്തോഷപ്രദമായും ബന്ധ പ്പെടാൻ സാധകൻ ശക്തനാകുകയാണ്. വ്യക്തിബന്ധത്തിൽ ആഴ മായി നാം അനുഭവിക്കുന്ന സ്വാതന്ത്ര്യം വളർച്ചയ്ക്ക് നിദാനമായ അന്തരീക്ഷം എന്ന വിധത്തിൽ മനസ്സിലാക്കുന്നതാണ് ഉചിതം. ഈ സ്വാതന്ത്ര്യം വിനിയോഗിക്കുന്നത് ആത്മബോധത്തിലുള്ള വളർച്ചയിലാണ്– തന്നിൽ എന്താണ് സംഭവിക്കുന്നതെന്ന് സൂക്ഷ്മ മായും വ്യക്തമായും അനുഭവവേദ്യമാക്കുകയെന്നതാണ് ആന്തരിക സ്വാതന്ത്ര്യത്തിലുള്ള ഈ പരിപാകം. അതായത് ഒന്നിനോടും ആകർഷണമോ വികർഷണമോ അനുവദിക്കാതെ ഓരോന്നിനും ഏതേതു തരത്തിലും, തലത്തിലും വളർച്ചയെ സഹായിക്കുമോ അത്രമാത്രം സ്വീകരിച്ചു ഏറ്റക്കുറവുകൾ നിരാകരിച്ചുംസാധിക്കേ ണ്ടതാണ്. ചുരുക്കത്തിൽ തന്നെതന്നെയും സഹോദരരേയും ദൈവ ത്തേയും സ്നേഹിക്കുവാനുള്ള കഴിവ് വികസിപ്പിക്കലാണ് ആദ്ധ്യാ ത്മിക പരിശീലനം ഉന്നം വയ്ക്കുന്നത്.

## 3. ആത്മീയവും മനഃശാസ്ത്രപരവുമായ ലക്ഷ്യങ്ങൾ

ആദ്ധ്യാത്മിക പരിശീലനത്തിന്റെ ലക്ഷ്യങ്ങൾ ആത്മീയവും മനഃശാസ്ത്രപരവുമാണ്. ബുദ്ധി, ഓർമ്മ, മനസ്സ്, (Intellect, memory, will) എന്നീ ആന്തരിക കഴിവുകളെ വിശ്വാസം, പ്രത്യാശ, സ്നേഹം, എന്നീ ദൈവീക പുണ്യങ്ങൾ വഴി പൂർണ്ണതിയിൽ ഏത്തിക്കുകയെ ന്നതാണ് ലക്ഷ്യം. മനഃശാസ്ത്രപരമായി പറഞ്ഞാൽ സമ്പൂർണ്ണ വ്യക്തിത്വത്തിന്റെ സാകല്യം. ചില അവസരങ്ങളിൽ ഗുരു മന ഃശാസ്ത്ര മാർഗ്ഗങ്ങളിലൂടെ സാധകനെ ആത്മീയ ലക്ഷ്യത്തിൽ എത്തിച്ചെന്നിരിക്കും. അതിനാൽ ഗുരു ഒരേ സമയം അദ്ധ്യാപക നും, ഉപദേഷ്ടാവും, വഴികാട്ടിയുമാകണം (teacher, councellor, and guide).

## 4. ആത്മപരിശീനം സ്വമനസ്സാലെ

ആദ്ധ്യാത്മിക മാർഗ്ഗനിർദ്ദേശത്തിൽ മുൻകൈ എടുക്കേണ്ടത് സാധകൻ തന്നെയാണ്. സാധകൻ സ്വയം തിരഞ്ഞെടുക്കുന്ന ലക്ഷ്യ ങ്ങളിൽ എത്തിച്ചേരുവാൻ ഗുരു അയാളെ പ്രചോദിപ്പിക്കുകയും ഉചി

തമായ മാർഗ്ഗങ്ങൾ അവസരോചിതമായി അയാൾക്ക് ചൂണ്ടിക്കാണിക്കുകയും വേണം. ചില അവസരങ്ങളിൽ പ്രശ്നത്തിന്റെ ഗൗരവം അനുസരിച്ച് വെല്ലുവിളി (challenge) ഉണർത്തി സാധകനെ പ്രബുദ്ധനാക്കണം. സാവധാനം തന്നിലും സഹജരിലും, പ്രപഞ്ചത്തിലും വസിക്കുന്ന ദൈവത്തെ വിവേചിച്ചറിഞ്ഞ് (discern) സാധകൻ ദൈവാനുഭവത്തിൽ വളരും. ആദ്ധ്യാത്മിക ഗുരുവിലൂടെ തന്നെ വിളിച്ച ദൈവത്തോട് സാധകൻ പ്രത്യുത്തരിക്കുന്നു. സ്വന്തം ജീവിതത്തിൽ കർത്താവിന്റെ സാന്നിധ്യത്തെപ്പറ്റിയുള്ള അവബോധം സാധകനെ തന്റെ ജീവിതത്തിലെ പൊരുത്തക്കേടുകൾ തരണം ചെയ്യാൻ പര്യാപ്തനാക്കും. ഗുരു സാധകനിലെ, ദൈവസാന്നിധ്യാബോധത്തെ ഉണർത്തുകയോ, ആഴപെടുത്തകയോ വേണം. വാടിക്കരിഞ്ഞോ മുരടിച്ചോ നിൽക്കുന്നതാണെങ്കിൽ പരിപോഷിപ്പിക്കണം. ഈ വളർച്ച വഴി സാധകന് അവബോധത്തോടെ തന്റെ ജീവിതാവസ്ഥയിൽ അനുഭവപ്പെടുന്ന ആന്തരിക പ്രേരണകളോട് കൂടുതൽ ഉത്തരവാദിത്വത്തോടെ പ്രതികരിക്കാനും നിരന്തരം മനഃപരിവർത്തനത്തിലേക്ക് വരുവാനും സാധിക്കുന്നു.

ഈവളർച്ച വൈകാരിക മേഖലകളെ പിന്നീട് സമർപ്പിത ജീവിതവുമായി ബന്ധപ്പെടുത്തി മുന്നേറുവാൻ സഹായിക്കുന്നു. അപ്പോൾ മനസ്സിന്റെ പിരിമുറുക്കം കുറയും. ആദ്ധ്യാത്മിക മാർഗ്ഗനിർദ്ദേശം സാധകനെ തന്റെ ജീവിതത്തിൽ മാറി മാറിവരുന്ന ജീവിതാനുഭവങ്ങളുമായി പൊരുത്തപ്പെട്ട് തന്റെ ജീവിതത്തിെ ല സാധ്യതകളെ സാക്ഷാത്കരിക്കുന്നതിന് പ്രാപ്തനാക്കുന്നു. സാവധാനം സാധകൻ തന്റെ സ്വാർത്ഥപരമായജീവിതംമാറ്റിവെച്ച്ദൈവഹിതനിർവഹണത്തിന് തന്നെ സജ്ജമാക്കുന്നു. ഈ വിധമുള്ള ആദ്ധ്യാത്മിക കെട്ടുറപ്പ് ജീവിതത്തെ അതിന്റെ സുഖദുഃഖ സമ്മിശ്രഭാവത്തിൽ സ്വീകരിക്കാൻപ്രാപ്തനാക്കുന്നു. ക്രമേണ സാധകൻ താൻ ആയിരിക്കുന്ന അവസ്ഥയിൽ ആദരവോടെ സ്വയം അംഗീകരിക്കുന്നു. ഗുരുവുമായുള്ള അടുത്ത ബന്ധത്തിലൂടെ പരിശുദ്ധാരൂപിയുടെ സ്വരം ശ്രവിക്കുന്നു.

**5. ഗുരു സാധകൻ**

ഇത് ഒരു ദൈവവിളിയുടെ ഫലമാണ്. അതായത് ദൈവം സാധകനെ ഒരു പ്രത്യേക ഗുരുവിലേക്കും, ഗുരുവിനെ സാധകനിലേക്കും വിളിക്കുന്നു. തിരുസഭാചരിത്രത്തിൽ ഇതിന് ഉദാഹരണ

ങ്ങൾ പലത് കാണാം. കുരിശിന്റെ വി.യോഹന്നാനും, അമ്മ ത്രേസ്യാ പുണ്യവതിയും, അസ്സീസിയിലെ വി.ഫ്രാൻസിസും, ക്ലാര പുണ്യവതിയും ഒക്കെ. ഗുരുവും സാധകനും ഒരുമിച്ച് ദൈവസ്വരം ശ്രവിക്കാൻ കഴിവുള്ളവരാകുന്നു. ആദ്ധ്യാത്മിക മാർഗ്ഗനിർദ്ദേശത്തിൽ ഗുരുവും സാധകനും വ്യക്തിപരമായ ബന്ധം സ്ഥാപിക്കുന്നതിലൂടെ അവർ ആന്തരിക സത്തയിൽ ഐക്യപ്പെട്ട് ഒന്നാകണം. രണ്ടുപേരും ദൈവത്തിലാണ് കേന്ദ്രീകൃതരാവുക. ഗുരു-സാധകതലത്തിൽ സ്നേഹമാണ് സർവ്വപ്രധാനമായ കാര്യം. എന്നാൽ വൈകാരിക ഭാവത്തിനാണ് പ്രാധാന്യം. മനസ്സിന്റ ഉള്ളറകളിലേക്ക് ടോർച്ചടിച്ച് വിസ്തൃതവും അജ്ഞാതവുമായ പരാജയങ്ങൾ വെളിപ്പെടുത്തേണ്ട സന്ദർഭങ്ങളുണ്ട്. മുഖംനോക്കാതെ സത്യം വെളിപ്പെടുത്തേണ്ടി വരും. ഗുരുവിന്റെ പരിപക്വവും നിരുപാധികവുമായ സ്നേഹം അനഭവിക്കുക വഴി സാധകൻ സ്വയം അംഗീകരിച്ച് ദൈവിക സ്നേഹം അനുഭവിക്കുകയും ചെയ്യും. ഇത് സാധകന് ആത്മധൈര്യവും, ആത്മവിശ്വാസവും, പകരുകയും അയാൾ പരിവർത്തന വിധേയനായി വളരുകയും ചെയ്യുന്നു.

(തുടരും)



# ചാവറയച്ചൻ

**ഫാ. അബ്രഹാം വടക്കേമുറിയിൽ**

പകലവൻ ചക്രവാളസീമകളിൽ വിറകൊള്ളവേ
കാലം മർത്ത്യമസ്തിഷ്കതടവറയിലംഗമാകവേ
യുഗാതീതരാം മർത്ത്യകേസരികൾ ജന്മമെടുപ്പൂ
കാലാന്തരേ നന്മ മർത്ത്യർക്കേകിടാൻ

ഇരുനൂറ്റാണ്ടുകൾപ്പുറത്തൊരുനാൾ
പുഞ്ചപ്പാടങ്ങളിൽ മന്ദമാരുതൻ
വിരുന്നുവന്നൊരു സുദിനം
സ്വർഗ്ഗപ്രാപ്തയാമമ്മ തന്നടിമയാമൊരു സുന്ദരി
കൈനകരിപള്ളിയലമ്മ തൻ മുമ്പിലൊരു സ്തുതിഗീതമുയർത്തി

എൻപ്രിയപുത്രൻനിന്നടിമയായീടുമെന്നാളു
മതിനാൽ നീ കാക്കണമവനെ, വളർത്തണം
നിൻപ്രിയ പുത്രനരുമയാം ദാസനെന്നപോൽ
കേട്ടമ്മ തൻദാസിയുണർത്തിയ ശരണഗീതം

കൈകൊണ്ടവൾ തൻ പുത്രനെ ഹൃത്തടേദൃഢമായി
നാളേറെച്ചെന്നപ്പോളാപ്പുത്രൻ
കേട്ടു തൻ സ്വർഗ്ഗജന്യമാമുൾവിളി
അവനണഞ്ഞു ഗുരുസന്നിധേ നമ്രശിരസ്കനായി.

ധന്യനാം തൻ ഗുരുവിൻ മുഖകണ്ണാടിയിൽ
കണ്ടവൻ ,സ്വർഗ്ഗീയഗുരുവിൻ തനിരൂപം
ഗുരുവവനിലുരുവായി ഗുരുവിനൊത്തവനായി

ധർമ്മവും കർമ്മവും ചേർത്തിണിക്കി
ഗുരുവിന്നിഷ്ടം തൻ സ്വാർത്ഥമാക്കി
മാനവർക്കവനെന്നുമർത്ഥമേകി.

മാന്നാനം കുന്നിലവനുയർത്തിയ സാത്വികഭവനം
കാലത്തിനതീതമാം അനേക സൽകർമ്മ വൃദ്ധികളാൽ
മർത്യനു നിത്യാശ്രയമായി

സ്വർഗ്ഗീയ താതൻ തൻ സഹസ്രനന്മകൾ
പാടിസ്തുതിച്ചാ കവികുലോത്തമനേകിയ
ഗീതങ്ങൾ ധർമ്മത്തിനലചൊല്ലി.
പുത്രകളത്രാദികൾക്കാലംബമായി ചാവരുളും
ധർമ്മത്തിൻ കലവറയാം ധ്യാനസല്ലാപങ്ങളും
മേകിയാ സ്നേഹത്തിന്നാത്മീയ കുലപതി.

സ്നേഹത്താലറിഞ്ഞവൻ സ്വന്തവും ബന്ധവും
പാപിയും, രോഗിയും, കുബേര കുചേലരും
സ്വർഗ്ഗീയ താതൻ തന്നരുകിടാങ്ങളെ
ന്നറിഞ്ഞവനറിയിച്ചു മാലോകരേ.

അവനുള്ളിലെ സ്നേഹത്തിൻ, ത്യാഗത്തിൻ
പൂർണ്ണതയറിഞ്ഞണഞ്ഞുശിക്ഷ്യഗണം
വലിയ പ്രിയോരെന്നു വിളിച്ചാദരാൽവന്ദിച്ചു താതനെ.

ആയിരം ജന്മങ്ങൾ തപസ്സെടുത്താലും
സർവ്വവും സർവ്വേശ സന്നിധേ നൽകിയാലും
ശതകോടിപുഷ്പങ്ങളർച്ചനചെയ്താലും

അഗ്നിയിൽ കാലൂന്നി സ്വയമേ ദഹിച്ചാലും
എന്നിലെ ദേവനെ അറിയില്ല ഞാൻ
എന്നുള്ളിൽ സ്നേഹത്തിൻ പുഷ്പങ്ങൾ വിരിഞ്ഞിടായ്കിൽ

ആത്മാവാലായിരം സ്നേഹത്തിൻ പൂക്കൾ
വിരിയിച്ച ധന്യനാം ചാവറ താതൻ
ഒരു കൊച്ചു ജന്മത്തിലറിഞ്ഞു തന്റെ
യുള്ളിലെ ദേവനെ ഉടയോനാമാപ്പനെ

സീനായ്മാമലേ വന്നൊരു താതനും
സക്രാരി തന്നിലായ് വാഴുന്ന പുത്രനും
ഒന്നായി വന്നാ താതന്റെ ഹൃത്തടെ
മോദത്താൽ നമിച്ചവൻ ത്യാഗത്താൽ സ്തുതിച്ചവൻ

സ്നേഹത്തിൻ പൂക്കളാൽ പുണ്യത്തിൻ
കൊട്ടാരം പണിതൊരുതാതൻ
ആയിരം ജന്മക്കാശ്രമായൊരാ കൊട്ടാരം
നിൽക്കുന്നീ മാനവർ മധ്യേ

ജപമാല ഭക്തിയാൽ മന്നാ പൊഴിയിച്ച
മാന്നാനം കുന്നിലെ ധന്യനാം താതൻ
അരുമയാം മക്കൾക്ക് മാകന്ദകനികളാൽ
സ്നേഹത്തിൻ സന്ദേശമേകിയ താതൻ

സഹജഗണങ്ങളും മറ്റേല്ലാദേശക്കാരും
വന്ദിച്ചുനിന്നാ സൽഗുരുമുമ്പേ
ശ്രേഷ്ഠപിതാക്കളും രാഷ്ട്രനേതാക്കളും
ഒന്നായി വന്ദിച്ചാ ആത്മീയ ജ്യോതിയെ

ശീശ്മതൻ ദൂതന്മാരൊന്നാകെ വിറപൂണ്ട് പിന്നാലെ മണ്ടവെ
ധീരമാം വചനത്താൽ നേർവഴി നയിച്ചവൻ
ഖിന്നരാം സഹജരേ, യേശുവിൻ പുത്രരേ

സഹനത്തിൻ ചഷുകം കൈകളിലേന്തവേ
യേശുവിൻ കുരിശിനെ നന്നായി നമിച്ചവൻ
ആത്മാവിൻ, ശക്തിയായി, വിശുദ്ധി തൻ കാതലായി

മരണത്തിൻ നേരത്തിൽ ധീരമായിവചിച്ചവൻ
ശുദ്ധമാണെന്നാത്മീയവസ്ത്രം
ഏകി തന്നാത്മത്തെ താതന്റെ കൈകളിൽ
എത്തിയാ ധന്യാത്മാ താതന്റെ സന്നിധേ

സ്വർഗ്ഗത്തിൽ നിന്നവൻ തൂകുന്ന പുഷ്പങ്ങൾ
സ്നേഹത്തിൻ പുഷ്പങ്ങൾ സൗഖ്യത്തിൽ വരദാനം
മാലോകരേവരുമെന്നായി പാടുന്നു
ചാവറ പുണ്യാത്മസ്വർഗ്ഗീയ ദിവ്യാത്മാ
പ്രാർത്ഥിപ്പു ഞങ്ങൾക്കായ് പാപികൾ മക്കൾക്കായി

# അമ്മയും സ്ത്രീയും

## ഫാ. ജോൺ വിയാനി

ഒക്‌ലഹോമ സംസ്ഥാനത്ത് ടുൾസാരൂപതാ തൃത്തിക്കുള്ളിൽ ജോലി ചെയ്യുന്ന മലയാളികളുടെ ഒരു സമൂഹമാണു ഞങ്ങൾ. കഴിഞ്ഞ ഒക്ടോബർ മാസത്തിൽ ഞങ്ങൾ ആഘോഷമായ കൊന്ത നമസ്കാരം നടത്തി. നാട്ടിൽ നിന്നു വന്ന ഒരു ഹൈസ്ക്കൂൾ ടീച്ചറായിരുന്നു അതിനാവേശം പകർന്നത്. പഴയ നിയമത്തിലെ റൂത്തിന്റെ അമ്മയെ ഓർമ്മിപ്പിക്കുന്ന സ്നേഹശീലയായ ഒരമ്മയായിരുന്നു ടീച്ചർ. കൊന്തയുടെ സമയം മുഴുവൻ ചിലപ്പോൾ ടീച്ചർ മുട്ടുകുത്തി നിൽക്കും. അതുകണ്ടാൽ തോന്നും പത്തിരുപതുവർഷം മുമ്പു പെൻഷനായ കാര്യം ടീച്ചർ ഓർക്കുന്നില്ലെന്ന്. ശീതകാലത്തോടു മല്ലിടാൻ മനസ്സുവരാത്തതുകൊണ്ട് ടീച്ചർ നാട്ടിലേക്കു മടങ്ങി. ടീച്ചർ പോയെങ്കിലും ഞങ്ങളുടെ സമൂഹത്തിൽ ടീച്ചർ വിതച്ച ഭക്തിയോഗത്തിന്റെ വിത്തു മുളപൊട്ടുന്നുണ്ടായിരുന്നു.

നോമ്പുകാലം വന്നു. എല്ലാ വെള്ളിയാഴ്ചകളിലും വൈകുന്നേരം ഞങ്ങൾ ആഘോഷമായ സ്ലീവാപ്പാത നടത്തി.

സാമാന്യം നല്ല ഒരു ഗായകസംഘവും അവർക്കുത്തേജനം നൽകാനും, കുട്ടികളെ പാട്ടുപഠിപ്പിക്കാനും അസാധാരണക്ഷമാശീലനായ ഒരു ഭാഗവതരും ഞങ്ങൾക്കുണ്ട്. അകാരാദി വായിക്കാനറിയാത്തവരാണ് കുട്ടികൾ. ഇവിടെ ജനിച്ചുവളർന്നവരാണല്ലോ അവർ. ഇംഗ്ലീഷ് അക്ഷരമാലയുപയോഗിച്ചു മലയാളപാട്ടുകൾ എഴുതി അദ്ദേഹം കുട്ടികളെ പഠിപ്പിച്ചു. വായ്പാട്ടും വാദ്യോപകരണങ്ങളും കുട്ടികൾക്കാവശ്യമായി വിശുദ്ധവാരം സജീവമാക്കാൻ പലരും മുന്നിട്ടിറങ്ങി. കേരളത്തിലെപ്പോലെ നമുക്കു പെസഹായാചരിക്കണം, പാലും കുരിശപ്പവുംവേണം തുടങ്ങിയ ആഗ്രഹപ്രകടനങ്ങൾ പറഞ്ഞു. അതും ഞാനേറ്റിരിക്കുന്നു എന്നുതുടങ്ങി സഹകരണ വാഗ്ദാനങ്ങൾ ലോഭമില്ലാതെ മറുപുറത്തും. സമൂഹത്തിന്റെ ഉത്സാഹം വളർന്നപ്പോൾഒരു ചെറിയ പ്രതിസന്ധിയുടലെടുത്തു. ഒരുമാതിരി കൂവിത്തെളിഞ്ഞ ഗായകരെല്ലാം ഓരോ സാഹചര്യം നിമിത്തം സമൂഹത്തിലൊതുങ്ങാൻ പറ്റാത്ത നില വന്നു. പ്രായം കൊണ്ടുസമൂഹത്തിലെ പ്രധാനചാര്യനാണുഞാൻ. ഗായകസംഘം പോയതോടെ എനിക്കും മനസ്സിടിഞ്ഞു. താലത്തിൽ വെള്ളമെടുത്തു എന്നു തുടങ്ങി ശ്രുതിമധുരമായി പാടാൻ ഗായകരില്ലെങ്കിൽ, എങ്ങനെ പെസഹാവ്യാഴവും പിന്നെ ദുഃഖവെള്ളിയും നമുക്കു ഒരനുഭവമാകും? എനിക്കും പരാജയഭീതി തോന്നി. ഇക്കാണാവുന്ന ജനത്തിനെല്ലാം നിങ്ങൾതന്നെ ഇന്നു അത്താഴം വിളമ്പണം (ലൂക്ക 9:13) എന്ന് ഈശോ പറയുന്നതുകേട്ട പീലിപ്പോസിനെപ്പോലെ ഞാനും നിന്നുപോയി. അഞ്ചപ്പത്തിന്റെ കണക്കുമായിവന്ന അന്ത്രയോസിനെപ്പോലെ അയാൾ അന്നേരം എന്റെയടുത്തുവന്നു. അദ്ദേഹം പറഞ്ഞു. അച്ചാ പാട്ടിന്റെ ഭംഗി അധരങ്ങളുടെ ചലനത്തിലല്ല, ഹൃദയവീണക്കമ്പികളുടെ തുടിപ്പിലാണ്. നമുക്ക് പാട്ടുകൾ പാടാം. തിരുക്കർമ്മങ്ങളും നടത്താം. അദ്ദേഹംപ്രകടമാക്കിയ ആത്മവിശ്വാസത്തിന്റെ ഒരംശംപോലും എനിക്കുണ്ടായിരുന്നില്ല. എന്നാലും ശരി, ഞാൻ സമ്മതിച്ചു.

ഏകദേശം അൻപതാണു ഞങ്ങളുടെ സംഖ്യാബലം; ഏറിയാൽ അറുപത്. ഗായകരും ഏതാനും രോഗികളും, ലിവ് എടുത്തെങ്കിലും മുപ്പത്തിയഞ്ചുപേർ തിരുക്കർമ്മങ്ങൾക്കെത്തി. സാദാ മനുഷ്യരായ ഞങ്ങൾ എല്ലാവരും ചേർന്നു പാട്ടുകൾ പാടി. ഭക്തിനിർഭരമായ വിശുദ്ധാവാരാചരണം. ദുഃവെള്ളിയാഴ്ച, നഗ്നമായ അൾത്താര, വിശുദ്ധകുർബാന സ്വീകരണത്തിനു തയ്യാറാകേണ്ട നേരമായപ്പോൾ ഒരു ലേഡീഡോക്ടർ വിനയാന്വിതയായി വന്നു.

വിരിയെടുത്തു അൾത്താരയിലിട്ടു മടങ്ങി. അതു കണ്ടു നിന്നപ്പോൾ ഇവിടമാണുകർത്താവിന്റെ ഭവനം എന്ന് ആത്മാവു മന്ത്രിച്ചുപോയി. അത്രയ്ക്ക് ചിട്ടയായും ഭംഗിയായും ഓരോ കാര്യവും നടന്നു.

സ്ത്രീശാക്തീകരണം എന്നു മലയാളിക്കരയിൽ പ്രസംഗവേദികളിൽ (എഴുത്തിലും) നിന്നു മുഴങ്ങി കേൾക്കാറുള്ളത് ഓർമ്മ വന്നു. കേരളത്തിലെ എല്ലാം രംഗത്തും കാണപ്പെടുന്നതുപോലെ, വല്ലവരും ചെയ്തതോ പറഞ്ഞോ ശ്രദ്ധയിൽപ്പെടുന്നത് അനുകരിക്കുക മാത്രമല്ലേ ഇതും എന്നാണു സംശയം. വിശ്വാസമെന്നാൽ സംപൂർണ്ണമായ മനുഷ്യന്റെ ദിശാബോധമാണ്,വിചാരവും, ആശകളും, വികാരങ്ങളും ഏകോപിപ്പിച്ച് അവയുടെ പൂർണ്ണമായ ലക്ഷ്യത്തിലേയ്ക്ക്(ദൈവത്തിലേക്ക്) നീങ്ങുന്ന വചനമാണ്, അയൽക്കാരനുമായി കൈകോർക്കാതെ ആ ചലനം, അർത്ഥവത്താകുകയില്ല, ബനഡിക്റ്റ് മാർപാപ്പയുടെ വാക്കുകാളാണിവ. നിയമജ്ഞനോട് ഈശോ പറഞ്ഞതുപോലെ. (മക്കോ 12:30,31) ഏറ്റവും പ്രധാനപ്പെട്ട കൽപ്പനയ്ക്കു രണ്ടു ഭാഗങ്ങളുമുണ്ടല്ലോ.

ഒരു ഇംഗ്ലീഷ് കവിതയിൽ സ്ത്രീ പാടി, കുടുംബം എന്നപേരിൽ മനസ്സിനു കുളിരുകോരുന്ന ഒരു സാമ്രാജ്യമുണ്ട് എനിക്ക് . അവിടെ രാജാവാകാൻ പറ്റിയ ഒരു പുരുഷനെ വേണം. താൻ സൃഷ്ടിച്ച ആദ്യത്തെ പുരുഷന്റെ മുഖംകണ്ടിട്ടു ദൈവം മൊഴിഞ്ഞു. വളരെ നന്നായിരിക്കുന്നു അന്നു ദൈവം നൽകിയ സർട്ടിഫിക്കറ്റുപോലെ ഒരു സർട്ടിഫിക്കറ്റുമായി കുടുംബം എന്ന എന്റെ സ്വപ്ന സാമ്രാജ്യത്തിൽ രാജാവാൻ നിനക്കുകഴിയുമോ? അതിനു നിനക്കാകുമെങ്കിൽ , നീ ആവശ്യപ്പെടുന്നതെന്തും ചെയ്തും, നീ വിളിക്കുന്നിടത്തെല്ലാംനിന്റെ പിന്നാലെ വരാനും വേണ്ടി വന്നാൽ ജീവൻപണയപ്പെടുത്താനും ഞാൻ തയ്യാറാണ്. (Lena Lathrop: *A Woman's Question*). ആര് ആരെയാണ് ശക്തിപ്പെടുത്തേണ്ടത്? സ്ത്രീ ശാക്തീകരണം വേണ്ടെന്നല്ല ഇപ്പറഞ്ഞതിനർത്ഥം. ഇസ്രായേലിൽ ന്യായാധിപനായിരുന്ന ദബോറ പറഞ്ഞതുപോലെ (ന്യായാധി 4:8,9) സഹായിയായി രംഗത്തുവന്നവളാണു സ്ത്രീ. അതിനവൾ എന്നും എവിടെയും തയ്യാറാണുതാനും. പുരുഷൻ അവളുടെ സഹായം സ്വീകരിക്കുന്നുണ്ടെങ്കിൽ അവൻ ഒരപൂർണ്ണനാണല്ലോ. അവനില്ലാത്തതെന്തോ ഒന്നു അവൾക്കുണ്ടല്ലോ. എന്നു പറഞ്ഞാൽ സ്ത്രീയും പുരുഷനും ഒരു പോലെ അപൂർണ്ണരാണെന്നല്ലേ നമ്മൾ ഗ്രഹിക്കേണ്ടത്. സഹായിക്കുക എന്നു വച്ചാൽ സഹായിക്കപ്പെടുക

എന്നുംകൂടെ അതിനർത്ഥമാകുന്നുണ്ട്. അതാണു സ്ത്രീ പുരുഷ സമത്വത്തിന്റെയം അയൽ ബന്ധത്തിന്റെയും അടിസ്ഥാനതത്വം. അതാണല്ലോ ഈശോമിശിഹായിൽ വിശ്വസിക്കാത്തവരുടെ സമൂഹത്തിൽ പുരുഷനും സ്ത്രിയും രണ്ടു തട്ടിലല്ല (ഗാലാ 8  း28) എന്നു വി. പൗലോസ് എഴുതിയതിന്റെ രഹസ്യം.

രാത്രി മുഴുവൻ അധ്വാനിച്ചതിന്റെ ആസ്ഥി ചവ്വിത പർവ്വണം ചെയ്തു ആയുസ്സ്പോകുന്ന കേരളീയരുടെ പാരമ്പര്യത്തെ മറികടന്ന് ആത്മാവിന്റെ അരുളപ്പാടുകേട്ടു ആഴത്തിലേയ്ക്ക് സധൈര്യം വലയിറക്കിയ വലിയമൂക്കവനാണു നമ്മുടെ വല്യപ്രിയോരച്ചൻ. തന്റെ ഏകജാതന്റെ വരാനിരിക്കുന്ന മരണംകണക്കിലെടുത്ത്, ദൈവം തന്റെ ദാസിയെ ജന്മപാപരഹിതയാക്കിയതിനാൽ, തലമുറകൾ തന്നെ ഭാഗ്യവതിയെന്നാഘോഷിക്കും(ലുക്ക 1:48)എന്ന് മദീകരണം ചെയ്ത് സാധ്വിയാണു നമ്മുടെയമ്മ. എങ്കിൽ ആനുകാലിക വിഷയങ്ങളോടുള്ള നമ്മുടെ സമീപനങ്ങൾക്കും വേണമല്ലോ നമ്മുടേതായ ആഴവും തനിമയും.

# കത്തോലിക്കാ സഭയും നിരന്തരപ്രാർത്ഥനയും

ഫാ. ഡേവീസ് കാച്ചപ്പിള്ളി സി.എം.ഐ.

വർദ്ധമാനമായി നടന്നുകൊണ്ടിരിക്കുന്ന ധ്യാനങ്ങളുടെയും ജാഗരണ പ്രാർത്ഥനകളുടെയും അഖണ്ഡ ജപമാലകളുടെയും നോവേനകളുടേയും തിരുനാളുകളുടെയും തീർത്ഥയാത്രകളുടെയും നിത്യാരാധനകളുടെയും മറ്റേതുപോലുള്ള ആത്മീയ ശുശ്രൂഷകളുടെയും ആനുപാതികതത്തിൽ വിലയിരുത്തിയാൽ കേരള കത്തോലിക്കാ സമൂഹം തിന്മകളിൽ നിന്ന് വിമുക്തമാകാനും നന്മയുടെ ജീവിതത്തിൽ തിളങ്ങി പ്രശോഭിക്കാനും സമയമായെന്ന് പ്രസ്താവിക്കാനാകും. പക്ഷേ, യാഥാർത്ഥ്യം എന്താണ്? വി.പൗലോസിന്റെ ആദ്യകാലാനുഭവമല്ലെ സഭയുടെയും "ഇഛിക്കുന്ന നന്മയല്ല, ഇച്ഛിക്കാത്ത തിന്മചെയ്തു പോകുന്നു" (റോമ 7:15) എന്ന് നിരന്തരം ഖേദിക്കുന്നവരും, തിന്മകളിൽ നിന്ന്

മോചിതരാകാതെ വലയുന്നവരുമല്ലേ അധികം പേരും. എന്താണ് ഇതിന് ഒരു പ്രതിവിധി? എന്താണ് ഇതിന് പരിഹാരം? വി.പൗലോസ് കണ്ടെത്തിയ രക്ഷാമാർഗ്ഗം കണ്ടെത്താൻ കൃപ ലഭിക്കണം.കർത്താവായ യേശുക്രിസ്തു''(റോമ 7:24) ''എന്നെ ശക്തനാക്കുന്ന യേശുക്രിസിതുവിൽ എനിക്ക് എല്ലാവർക്കും എനിക്ക് എല്ലാ നന്മയും ഇച്ഛിക്കുക മാത്രമല്ല ചെയ്യാനാകും'' എന്ന ആത്മീയ ജീവിതാവസ്ഥയിലേക്ക് സഭാ സമൂഹം വളർത്തേണ്ടിയിരിക്കുന്നു ഇക്കാര്യത്തിന് തിരുസഭയുടെ ആധുനിക മതബോധനഗ്രന്ഥം അനുശാസിക്കുന്ന നിരന്തര പ്രാർത്ഥനാ സഭാസമൂഹം അഭ്യസിക്കേണ്ടിയിരിക്കുന്നു. ''നിരന്തരപ്രാർത്ഥന''യിലൂടെ യേശുക്രിസ്തു വഴി പിതാവായ ദൈവത്തോട് ഐക്യപ്പെട്ട് നിരന്തരം ജീവിച്ച് സാത്താന്റെ പ്രലോഭനങ്ങളെ പരാജയപ്പെടുത്തുക, നന്മകളിൽ വിജയം കൈവരിക്കുക എന്നതാണ് മതബോധനഗ്രന്ഥത്തിലെ പ്രബോധനത്തിന്റെ രത്നചുരുക്കം (No. 2742-2745)

**മതബോധനത്തിലെ നിരന്തരപ്രാർത്ഥന**

പരിമിതികളുള്ള മനുഷ്യന് പരിമിതികളെ തരണം ചെയ്ത് പൂർണ്ണത പ്രാപിക്കണമെങ്കിൽ പരിമിതികളില്ലാത്തതും പൂർണ്ണവുമായ ദൈവത്തിന്റെ ദൈവശക്തിയും ദൈവജ്ഞാനവും ദൈവസംരക്ഷണവും നിരന്തരം ലഭിക്കാനുള്ള മാർഗ്ഗമായാണ് നിരന്തര പ്രാർത്ഥനയെ മതബോധനഗ്രന്ഥം വിശേഷിപ്പിക്കുന്നത്. നിരന്തര പ്രാർത്ഥനയിലൂടെ നിരന്തരം ദൈവത്തെ ആശ്രയിച്ച് ജീവിക്കുക എന്നത് മനുഷ്യന്റെ സുസ്ഥിതിയിക്കും സ്ഥായിയായ നിലനിൽപ്പിനും അടിസ്ഥാന ആവശ്യമാണ്. കാരണം, നിരന്തര പ്രാർത്ഥനയിലൂടെ നിലനിർത്തുന്ന നിരന്തര ദൈവബന്ധത്തിന്റെ ഫലമായി നമ്മുടെ നന്മയ്ക്ക് ആവശ്യമായതും, അതേസമയം നമുക്ക് അസാധ്യമായതുമായവയെ ദൈവം സാധ്യമാക്കും. നമുക്ക് ദുഷ്കരമായതിനെ ദൈവം എളുപ്പമാക്കും. മുന്തിരിച്ചെടിയോട് ഒട്ടിച്ചേർന്ന് ജീവൻ വലിച്ചെടുത്ത് സൽഫലങ്ങൾ പുറവെടുപ്പിക്കുന്ന ശാഖകളുടേതു പോലുള്ള ജീവിതമാണ് നിരന്തരപ്രാർത്ഥനയുടെ ജീവിതം. (യോഹ 15:5-8) പഴയഗ്രന്ഥത്തിൽ ദൈവത്തോട് ഒട്ടിച്ചേർന്ന് നിന്ന് ജീവിതം ഐശ്വര്യപൂർണ്ണമാക്കുന്ന അനുദിനദൈവബന്ധാനുഭവമാണിത് (2

രാജ 18:6-7) നിരന്തരം ദൈവത്തിലാശ്രയിച്ചതുകൊണ്ട് ഒരിക്കലും തളരാതെ അനുദിനം കൂടുതൽ കരുത്തുറ്റവരായി. കഴുകനെപ്പോലെ ചിറകടിച്ചുയരുന്ന ജീവിതാനുഭവമാണ് നിരന്തരപ്രാർത്ഥനയുടേത്. (ഐസ 40:3031)നമ്മുടെ കർത്താവിശോമിശിഹായുടെ കൃപയും, പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മിന്റെ സഹ വാസവും നാമെല്ലാവരോടും കൂടെ ഉണ്ടാകട്ടെ എന്ന ദിവ്യബലി യിലെ പ്രാർത്ഥനയുടെ നിരന്തരാനുഭവമാണത്. ചുരുക്കത്തിൽ പരി മിതികളുള്ളവനും ബലഹീനനുമായ മനുഷ്യൻ നിരന്തരം ദൈവ ത്തോട് ബന്ധപ്പെട്ട് ജീവിച്ചാൽ മാത്രമേ, ദൈവശക്തിയാൽ പരി പൂർണ്ണത കൈവരിക്കാനാകൂ, അല്ലാത്ത പക്ഷം മനുഷ്യന്റെ ശത്രു വും, തിന്മകളുടെ സൂത്രധാരകനുമായ സാത്താൻ മനുഷ്യനിൽ പ്രവേ ശിച്ചു തിന്മയിലേക്കവനെ വീഴ്ത്താനിടയാക്കും. ഈ അടിസ്ഥാന ത്തിൽ, യേശുവിന്റെ ജീവിത മാതൃകയും ഉപദേശങ്ങളും വി.പൗ ലോസിന്റെ പ്രാബോധനങ്ങളും വിശുദ്ധാത്മാക്കളുടെ പ്രാർത്ഥ നാശൈലികളും സഭാ പിതാക്കന്മാരുടെ ആഹ്വാനങ്ങളും കണ ക്കിലെടുത്ത്, നാം സഭയിലിപ്പോൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന നിശ്ചിത ലിഖിത പ്രാർത്ഥനകൾക്ക് ഉപരിയായി നിരന്തരം യേശു ക്രിസ്തുവിൽ ദൈവത്തോട് പ്രാർത്ഥിക്കാൻ അഭ്യസിക്കണം എന്നാണ് മതബോധനഗ്രന്ഥം പഠിപ്പിക്കുന്നത്.

**നിരന്തരപ്രാർത്ഥനയും നദൈവസേനഹ വളർച്ചയും**

ദൈവസ്നേഹത്തിൽ നിരന്തരം ആയിരിക്കാനും വളരാനുമുള്ള മാർഗ്ഗമാണ് നിരന്തരപ്രാർത്ഥന. അതുകൊണ്ട് മതബോധനഗ്രന്ഥ ത്തിന്റെ അനുശാസനം ‘‘ഇപ്രകാരം ഇടവിടാതെ പ്രാർത്ഥിക്കു വിൻ... എല്ലാകാര്യങ്ങളിലും യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാ വായ ദൈവത്തിന് നന്ദി പ്രകാശിപ്പിക്കുവിൻ’’ (1തെസ. 5:17) നിങ്ങൾ അപേക്ഷകളോടും യാചനകളോടും കൂടെ എല്ലാ സമയവും ആത്മാ വിൽ പ്രാർത്ഥനാനിരതയരായിരിക്കുവിൻ എല്ലാ സന്ദർഭങ്ങളിലും ഉണർന്നിരുന്ന് എല്ലാ വിശുദ്ധർക്കും വേണ്ടി പ്രർത്ഥിക്കുവിൻ. (എഫേ. 6:18) കാരണം നിരന്തരം അദ്ധ്വാനിക്കാനോ, നിരന്തരം ഉപവസിക്കാനോ അല്ല നമുക്ക് ലഭിച്ചിരിക്കുന്ന കൽപ്പന. പിന്നെയോ പ്രാർത്ഥിക്കുവാൻ ആണ് നിയമം അനുശാസിക്കുന്നത്. ‘‘ഏതെല്ലാം കൊടുങ്കാറ്റുകൾ ഉയർന്നാലും’’ എല്ലാം നാളുകളിലും നമ്മോടൊപ്പ

മുള്ള ഉത്ഥിതനായ ക്രിസ്തുവിനോട് പ്രാർത്ഥിക്കാൻ (മത്തായി 28: 20) ലൂക്ക 8:24) നമുക്ക് സാധിക്കും. സാധിക്കണം.

നിരന്തരപ്രാർത്ഥന വളരെ നിർണ്ണായകമായ നമ്മുടെ ആവശ്യമാണ് എന്നാണ് മതബോധനഗ്രന്ഥം സമർത്ഥിക്കുന്നത്. നാം ഏകനായിരിക്കുമ്പോഴും പൊതുസ്ഥലത്തായിരിക്കുമ്പോഴും കച്ചവടം നടത്തുകയാണെങ്കിലും, ഭക്ഷണം പാകം ചെയ്യുകയാണെങ്കിലും ഗോവണികയറുകയാണെങ്കിലും വിശ്രമിക്കുകയാണെങ്കിലും യാത്രയിലാണെങ്കിലും സന്തോഷാവസരത്തിലാണെങ്കിലും, രോഗാവസ്ഥയിലാണെങ്കിലും അസ്വസ്ഥതയുടെ നിമിഷത്തിലാണെങ്കിലും തീരുമാനം എടുക്കുമ്പോഴാണെങ്കിലും ഏതെങ്കിലും പ്രവർത്തിചെയ്യുമ്പോഴാണെങ്കിലും **"തീക്ഷ്ണവും ലളിതവും ഹൃസ്വവുമായൊരു പ്രാർത്ഥന"**. നാം ഹൃദയത്തിൽ നിന്ന് ദൈവത്തിലേക്കുയർത്തണം. ഇതാണ് നിരന്തരപ്രാർത്ഥനയുടെ പ്രായോഗികമാനം. ഇപ്രകാരമുള്ള നിരന്തരപ്രാർത്ഥനയിലൂടെ നമ്മെ നയിക്കാൻ നാം ദൈവാത്മാവിനെ അനുവദിക്കുകയാണ് ചെയ്യുന്നത്. അല്ലാത്തപക്ഷം മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ സാത്താൻ നുളഞ്ഞുകയറ്റം നടത്തി (1പത്രോ 5:8). നമ്മെ തിന്മകളിലേയ്ക്ക് വലിച്ചിഴയ്ക്കും. ഇപ്രകാരം നിരന്തരം പ്രാർത്ഥിക്കാതെ നിശ്ചിത പ്രാർത്ഥനകളിലും നിശ്ചിത സമയങ്ങളിലും മാത്രം നിഷ്ഠ വച്ചാൽ പ്പോലും മറ്റ് സമയങ്ങളിലും നാം തിന്മ പ്രവർത്തിക്കാനിടയാകും എന്ന യാതാർത്ഥ്യം ഓർക്കേണ്ടതാണ്. നിരന്തരം പ്രാർത്ഥിക്കുക, നിരന്തരം നന്ദി പറയുക, നിരന്തരം ആരാധിക്കുക നിരന്തരം സ്തുതിക്കുക എന്നത് നമ്മുടെ കടമയാണെന്ന് നിരവധി പ്രാവശ്യം ദിവ്യബലിയിലെ പ്രാർത്ഥനകളിലും സങ്കീർത്തനങ്ങളിലും കാണാനാകും. ഇപ്പറഞ്ഞ വിധം നിരന്തരം പ്രാർത്ഥിക്കുന്നവനാണ് ''പ്രലോഭനത്തിൽ ഉൾപ്പെടാതിരിക്കാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ '' (മത്തായി 26:41)എന്ന കൽപ്പന പാലിക്കുവിൻ.

### എന്താണ് തീക്ഷ്ണവും ലളിതവുമായ പ്രാർത്ഥന

എപ്പോഴും പ്രാർത്ഥിക്കാൻ സഹായിക്കുന്ന ലളിതമായ പ്രാർത്ഥന ഏറ്റവും അധികം ആത്മീയ ശക്തി പ്രദാനം ചെയ്യുന്നതായിരിക്കണം എന്നതുകൊണ്ടാണ് നിരന്തരപ്രാർത്ഥന

തീക്ഷ്ണയുള്ളതാകണം എന്ന് പറയുന്നത്. യേശുക്രിസ്തുവിന്റെ മനുഷ്യരക്ഷാദൗത്യവുമായി ബന്ധപ്പെട്ട് ചിന്തിച്ചാൽ, രക്ഷകനായ യേശവിന്റെ നാമം (രക്ഷയുടെ നാമം) വിളിച്ചും രക്ഷണീയ മാർഗ്ഗമായ കുരിശ് (രക്ഷയുടെ അടയാളം) വരച്ചും വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നത് തീക്ഷ്ണവും ലളിതവുമാണെന്ന് ഗ്രഹിക്കാനാകും. തിരുസ്സഭയിലെ പൊതുപ്രാർത്ഥനകളിലും വ്യക്തിഗതപ്രാർത്ഥനകളിലും കാണുന്നത് ഇവ രണ്ടുമാണ്. മാത്രമല്ല നമ്മുടെ ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനങ്ങളാണ് അവയെന്നത് പ്രത്യേകം ഓർത്തിരിക്കാം. വി.കുർബാനയിലെ എല്ലാ പ്രാർത്ഥനകളും ആരംഭിക്കുന്നതും പൂർത്തിയാക്കുന്നതും ദൈവനാമത്തത്തിലാണല്ലോ. ആഘോഷമായ ദിവ്യബലിയിൽ വൈദീകൻ 33 പ്രാവശ്യം കുരിശടയാളം വരച്ച് പ്രാർത്ഥിക്കുന്നുണ്ട്. തന്മൂലം യേശുവിന്റെ രക്ഷണീയജീവിതത്തിലുള്ള ആഴമായ വിശ്വാസ ജീവിതത്തോടെ **"എന്റെ ഈശോ എന്നെ രക്ഷിക്കേണമെ എന്ന് പ്രാർത്ഥിച്ച് കുരിശടയാളം വരയ്ക്കുന്നതിനേക്കാൾ തീക്ഷ്ണവും ലളിതവുമായ മറ്റൊരു പ്രാർത്ഥന നിരന്തരം പ്രാർത്ഥിക്കാൻ വേണ്ടി കണ്ടെത്താനാകുമെന്ന് കരുതാനില്ല".** ഏതൊരു കാര്യസാധ്യത്തിനുവേണ്ടിയും ഏതൊരാൾക്കുവേണ്ടിയും മാധ്യസ്ഥ പ്രാർത്ഥന നടത്തുമ്പോഴും പ്രസ്തുത കാര്യത്തെയോ പ്രസ്തുത വ്യക്തിയേയോ രക്ഷിക്കണമേയെന്ന് പ്രാർത്ഥിച്ച് അവരെ ലക്ഷ്യമാക്കി കുരിശടയാളം വരക്കാനാകും. (ഉദാ: ദിവ്യബലിയിൽ സമാധാനം+നിങ്ങളോടുകൂടെ എന്ന വൈദികന്റെ പ്രർത്ഥന. **എല്ലാ അനുഗ്രഹങ്ങളുടെയും അക്ഷയ ഉറവിടമായ കാൽവരിയിലെ വി.കുരിശിൽനിന്ന് മനുഷ്യരക്ഷയ്ക്കായി നിരന്തരം പ്രവഹിക്കുന്ന ദൈവശക്തിയാണ് കുരിശടയാളത്തിലൂടെ നമ്മിലേക്കോ, മറ്റുള്ളവരിലേക്കോ പ്രവഹിക്കുക** (രണ്ടാം വ.കൗൺസിൽ. അക്രൈസ്തവമതം -നമ്പർ 4). ''രക്ഷ'' എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് യേശുക്രിസ്തുവിന്റെ സാന്നിധ്യത്തിലൂടെയും പ്രവർത്തിയിലൂടെയും ലഭിക്കുന്ന നന്മകളും തിന്മകളിൽ നിന്നുള്ള മോചനുമാണെന്ന് ഗ്രഹിക്കേണ്ടതുണ്ട്.

## നിരന്തരപ്രാർത്ഥനയുടെ ഫലങ്ങൾ

അത്ഭുതാവഹങ്ങളായ ഫലങ്ങളാണ് നിരന്തരപ്രാർത്ഥനയിലൂടെ മനുഷ്യർക്ക് ലഭിക്കുക. നന്മയുടെ ഫലങ്ങളും തിന്മകളിൽ നിന്നുള്ള മോചനവും നിരന്തരം പ്രാർത്ഥിക്കുന്നവന് നിത്യാനുഭവങ്ങളായിരിക്കും,നിരന്തരം പ്രാർത്ഥിക്കുന്നവന് അവന്റെ നന്മക്കാവശ്യമായ ദൈവശക്തിയോ, ദൈവജ്ഞാനമോ, ദൈവികസംരക്ഷണമോ അനുദിനജീവിതത്തിലുടനിളം ലഭിച്ചുകൊണ്ടിരിക്കും. ജീവിതവിജയം കൈവരിക്കുന്നതിലൂടെ അവന് ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കാനാകും നിരന്തരം പ്രാർത്ഥിക്കുന്നവൻ തിന്മകളിലോ പാപസാഹചര്യങ്ങളിലോ അകപ്പെട്ട് നശിക്കാനിടയാകില്ല. കാരണം, ദൈവം അവന്റെ കൂടെയുണ്ടായിരിക്കും. 91-ാം സങ്കീർത്തനത്തിലൂടെ ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന എല്ലാം സംരക്ഷണവും ലഭിക്കാനുള്ള മാർഗ്ഗമാണ് നിരന്തര പ്രാർത്ഥന. നിരന്തരം പ്രാർത്ഥിക്കുന്നവന് പ്രാർത്ഥനയുടെ അത്ഭുതശക്തി നിത്യം അനുഭവമായിരിക്കും. (സങ്കീ 96:2-3)

## പ്രാർത്ഥനയ്ക്ക് തുല്യമായി മറ്റൊന്നുമില്ല

നമ്മുടെ നന്മയ്ക്കുപകരിക്കുന്ന ഏത് കാര്യത്തേക്കാളും ഉപരി നന്മയുള്ളതാണ് **പ്രാർത്ഥനയെന്നും അതിലേറെ നന്മയുള്ളതാണ് പ്രാർത്ഥനയെന്നും, അതിലേറെ നന്മയുളവാക്കുന്നതാണ് നിരന്തരപ്രാർത്ഥന** എന്നുമാണ് മതബോധന ഗ്രന്ഥം സമർത്ഥിക്കുന്നത്. പ്രാർത്ഥനയ്ക്ക് തുല്യമായോ, പകരമായോ നമ്മുടെ നന്മയ്ക്ക് വേണ്ടി മറ്റൊന്ന് കണ്ടെത്താനാകില്ലെന്നുമാണ് മതബോധനഗ്രന്ഥം പ്രസ്താവിക്കുന്നത്. അതുകൊണ്ട് എല്ലാ അർത്ഥത്തിലും മാനത്തിലും നിരന്തരം പ്രാർത്ഥിക്കുന്നവൻ രക്ഷിക്കപ്പെടും. പ്രാർത്ഥിക്കാത്തവൻ പലവിധ ശിക്ഷകൾ അനുഭവിക്കേണ്ടിവരും ഇപ്രകാരം പ്രാർത്ഥനയും ജീവിതവും അവിഭാജ്യഘടകങ്ങളാണെന്ന് വിശ്വസിക്കാനാകണം. നിങ്ങൾ എന്റെ നാമത്തത്തിൽ പിതാവിനോട് ചോദിക്കുന്നതെല്ലാം അവിടുന്ന് നിങ്ങൾക്ക് നൽകും. (യോഹ 15:16 -17)എന്ന യേശുവിന്റെ വാഗ്ദാനം നിരന്തരം പ്രാർത്ഥിക്കുന്നവനിൽ അന്വർത്ഥമാകും എന്ന് എല്ലാവരും ഉറച്ച് വിശ്വസിച്ച് എല്ലാവർക്കും നിരന്തരം പ്രാർത്ഥിക്കാൻ സാധിക്കട്ടെ.

**സംഗ്രഹം**

- The founding fathers placed their request to start a *Darsanaveedu* and *Tapasu Bhavanam* to equip themselves to become men of darsan or vision to meet the needs of the times (Stabilini, permission letter)

- In the letter of request to start the religious house one option they made was to work for the 'well being of the country and the world (Stabilini, Permission letter)

- Their contact with missionaries working in India, might have helped their vision of apostolate to reach beyond the horizons.

- In 1853 Chavara started the first catechuminate of the Syro-Malabar Church at Mannanam. Upto 1930s monasteries also followed starting the Catechumenates. Between 1853 and 1962, about 48 000 persons joined the Catholic fold through the monasteries in Kerala

- St. Chavara admits that the congregation was founded by God to work also for the renewal of the fellow Christians. The impediment he met at that time was the shortage of members. (Letters, 100)

- St. Chavara's enthusiasm was such that within fifteen years, after the canonical errection of the congregation, he could start seven more houses covering the whole area of the Syro-Malabar restricted territory. (Chron, 84-90 )

- In the future plan, our founder suggested to have several houses and two provinces beyond the transitory limit, means his global vision on the missionary expansion of our congregation. (Letters, 101)

- Another positive sign in Chavara's global vision of a missionary is learning of several languages. St. Chavara could manage 7 languages.

- His attitude of tolerance towards other religions and cultures brings new impetus for us to work among other religious people and cultures.

- The seminary training which St. Chavara gave at Mannanam helped many priests to withstand against the schisms and to uphold the unity of the church. It gives us an idea, the need of special training in seminaries to equip the members for the global mission.

- Permission granted to CMI to start houses or recurit members from any rite in the world.

## **Our Founder Challenges us** – A Reflective Meditation

**Prayer:** I used to spend hours for prayer and meditation. Where is the meditative part in your day today life? For your vocation demands you to pray and meditate.

**Availability:** At the risk of my life I administered the sacraments to a dying who had small pox. Are you ready to sacrifice a little time for others especially in administering the sacraments and other priestly ministries or are you spending your time with your personal affairs?

**Preaching the Word of God:** Myself and my companions were led by the Word of God and we found enough time to preach the same, now have you filled all your time with other activities without sparing a little time for reading the Bible and preaching the Word of God?

**Frequent confession: I** told you at my deathbed that I could preserve the baptismal grace till then. Yet I was very much sin conscious. I understand that many of you are away from frequent confessions and other religious practices without any guilt feeling.

**Community Spirit:** I instructed you to live as children of the same mother in your community and have fraternal love and sharing. Do you have that fraternal friendship? Do you work as a team? How do you obey your superiors and how the superiors are concerned about other members?

**Devotion to the Holy Family:** Ours is a congregation specially devoted to the Immaculate Mother of Carmel and St. Joseph. I was a great devotee of the Holy Family. We preached the glories of Mary very often. How do you lead the people towards the Holy Family?

**Liturgical renewal:** I took keen interest and pain in renewing the liturgical life of the people and priests. What is your practice and what is your response in building up the people in this regard?

**Faithful to the Church:** The priests who studied at Mannanam remained faithful to the church at the time of Schism. Now how are the people who study or work with you in your institutions? Are they more God-fearing and faithful to church? I loved the Church as my mother and worked for its unity. What about you?

**Transparency in the financial matters:** In 1869, I collected Rs. 32007.00 easily from the people and sent the money to Rome

to meet the expenses of Vatican I. Now many people are against you regarding your fund collection. Do they doubt your intentions or transparency in your dealings?

**The relationship with the dioceses:** I was a most wanted person for the Bishops. Now the Dioceses are discarding you. Am I the cause or you?

**Renewal of families:** In the renewal of the families our members were in the forefront in preaching retreats, catechizing, settling disputes in the family etc and my 'Testament of a Loving Father' inspired the families to lead a happy and good life. Why suicides and abortions are increasing in our Christian families and our people are withdrawing from religious observances? Do you have any answer about these? Are you concerned about the families?

**Action for the empowerment of the Weakest:** My companions also co-operated with me in founding the women congregation and in its development. As we are the pioneers of Christian religious life in Kerala what are your contributions in the formation of religious in empowering the weaker sections in Kerala and elsewhere?

**Our vision for solving the problems in the society:** I read the signs of the times in meeting the needs of the people. Now do you have any vision in solving the problems of the society?
*(Ref: Chavara, Chronicle, 1-60; 77-117; 126-140; 208, 231-244; Letters. 90-95; 99-103; 116, Atmanuthapam. 1-22, Dhyanasallapangal, 50-52; 60-62. References are from the 1st edition of the complete works of Chavara)*

Prepared by:
**Fr. Thomas Panthaplackal CMI**

# GOLDEN RECORDS -31

## പരിശുദ്ധ കുർബ്ബാന എഴുന്നുള്ളിച്ചുകൊണ്ടു് പ്രദക്ഷിണം ദേവാലയത്തിനു പുറത്തേക്ക് നടത്തുവാൻ അനുവാദത്തിന് ബർണർദീനോസ് മെത്രാന് എഴുതിയ കത്ത്

*(മാന്നാനം കൊവേന്തയിൽ പരിശുദ്ധ ജപമാല രാജ്ഞിയുടെ തിരുനാളിനോട് അനുബന്ധിച്ച് പരിശുദ്ധ കുർബാനയുടെ പ്രദക്ഷിണം നടത്തുന്നതിന് അനുവാദം അപേക്ഷിച്ചുകൊണ്ട് 1852 ഒക്ടോബർ 19-ന് എഴുതിയ കത്ത്. ഇതിനു മുമ്പുള്ള വർഷങ്ങളിൽ ഇതിന് അനുവാദം ചോദിച്ചതിനെക്കുറിച്ചും ഈ കത്തിൽ തന്നെ സൂചനകളുണ്ട്. മരിയഭക്തനായിരുന്ന ചാവറയച്ചൻ ജപമാല രാജ്ഞിയുടെ തിരുനാൾ ദിനത്തിൽ തന്നെയാണ് പരിശുദ്ധ കുർബാനയുടെ പ്രദക്ഷിണം നടത്തിയിരുന്നത് എന്നതും ശ്രദ്ധേയമാണ്. ദേവാലയത്തിൽ നിന്ന് പുറത്തേയ്ക്ക് പരിശുദ്ധ കുർബാനയുടെ പ്രദക്ഷിണം നടത്തുന്ന പതിവ് കേരളത്തിൽ*

*ആരംഭിച്ചത് മാന്നാനത്താണെന്ന് ചില രേഖകളിൽ നിന്നും മനസ്സിലാക്കാം. 1843-ൽ മുട്ടുചിറപ്പള്ളിയിൽ ചാവറയച്ചൻ തന്നെ ഈ ഭക്തകൃത്യത്തിന് നേതൃത്വം കൊടുത്തതിനെക്കുറിച്ചും മാന്നാനം നാളാഗമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.)*

*ഫാ തോമസ് പന്തപ്ലാക്കൽ സി..എം..ഐ.*

**പകർപ്പ്**

മലയാളമൊക്കെയുടെയും പ്രൊ. വികാരി അപ്പസ്തോലിക്കയായ അഭിവന്ദ്യ ബർണർദീനോസ് മെത്രാനച്ചനെ അരികത്തു നിൽക്കുന്ന പട്ടക്കാർ വായിച്ചു ബോധിപ്പിക്കുന്നതിന്,
ബഹുമാനപ്പെട്ട അച്ചന്റെ ശുശ്രൂഷക്കാരൻ ചാവറ കുറിയാക്കോസ് കത്തനാർ എഴുതുന്നത്.
ഞങ്ങളുടെ കൊവേന്തപ്പള്ളിയിൽ ആണ്ടുതോറും നവംബർ 21-ന് ജപമാല മാതാവിന്റെ തിരുനാൾ പട്ടക്കാരും ശെമ്മാശ്ശന്മാരും ഒരുമിച്ച് ആഘോഷിക്കുക പതിവാണ്. അന്നേ ദിവസം മുൻകൂട്ടി വാങ്ങിയ അനുവാദമനുസരിച്ച് വിശുദ്ധ കുർബാനയുടെ പ്രദക്ഷിണവും നടത്താറുണ്ട്. ഈ വർഷവും അപ്രകാരം നടത്തുവാൻ ആഗ്രഹിക്കുകയാൽ ബഹുമാനപ്പെട്ട അച്ചന്റെ മനോഗുണമുണ്ടായി അതിനുള്ള അനുവാദം തരുമാറാകണമെന്ന് ഞാൻ അപേക്ഷിക്കുന്നു.
അനുസരണത്തിനും ശുശ്രൂഷയ്ക്കും ഒരുങ്ങിയിരിക്കുന്ന എന്റെ മേൽ ആശിർവാദവും അനുഗ്രഹവും ഉണ്ടാകുമാറാകണമെന്ന് അപേക്ഷിച്ചുകൊണ്ട്,

ഒക്ടോബർ 19, 1852
കത്തനാർ കുറിയാക്കോസ്
മാന്നാനം
കർത്താവിന്റെ ദാസൻ, ചാവ

(മുദ്രയും ഒപ്പും)
[മറുപടി]

ഇതിൽ ബോധിപ്പിച്ചിരിക്കുന്ന മേലെഴുതിയ തിരുനാൾ ദിവസം വിശുദ്ധ കുർബാന സ്ഥാപിച്ച പുറത്തോട്ട് എഴുന്നള്ളിക്കുന്നത് മുമ്പു തന്നെ പതിവാണെങ്കിൽ അപ്രകാരം തന്നെ ഈ വർഷവും ആ

ദിവസത്തിൽ എഴുന്നള്ളിക്കുന്നതിന് ഇതിനാൽ നാം അനുവദിക്കുന്നു.
ഈ ഇടങ്ങളിൽ വിശുദ്ധ കുർബാന എഴുന്നെള്ളിച്ചു വണങ്ങുമ്പോൾ വലിയ അനാചാരത്തിനും ഭക്തിക്കേടിനും ഇടവരുന്നുണ്ട് എന്ന വിവരവും ഓർമിപ്പിക്കുന്നു.
ഇത്, വരാപ്പുഴ നിന്നും 1852 നവംബർ മാസം 3-ന്
ബർണർദീനോസ് മെത്രാൻ

(ഒപ്പ്)







*News & Views*

# Inauguration of Girijyothi College



Hon. Chief Minister Sri. Oomman Chandi Inaugurated Girijyothi College on 22nd August 2015. Girijyothi Civil Service Academy inaugurated by Hon. Minister Sri. P.J. Joseph. Rev. Fr. Thomas Manjakunnel CMI Provincial, CMI Carmel Province, Muvatuupuzha, presided over the meeting. College library inaugurated by Adv. Joice George,MP Idukki. Sri. Roshy Augustine, MLA Idukki, inaugurated Girijyothi Medicinal Garden. Rev. Dr. Fr. Jose Thuravackal CMI, Councillor for Education, Carmel Province said the main speech and inaugurated college website and distributed the prices. Zilla-Block-Grama Panchayath presidents and ward members felicitated the gathering. Fr. Toji Puthenkaduppil CMI, Principal, welcomed the gathering and Fr. Babu Mattathil CMI, Manager, said vote of thanks. Social, Political, Religious, Cultural representatives participated in the event.

# ഫ്രഞ്ച് ചലച്ചിത്രമേള

ചാവറ മൂവി സർക്കിൾ അലിയോൺസ് ഫ്രാൻകൈസ് തിരുവനന്തപുരത്തിന്റെ സഹകരണത്തോടെ ഫ്രഞ്ച് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിച്ചു. ഏപ്രിൽ 22, 23 തീയതികളിൽ വൈകീട്ട് 6 മണിക്ക് ചാവറ

കൾച്ചറൽ സെന്ററിലായിരുന്നു പ്രദർശനം നടത്തിയത്. 22ന് ആൽബർട്ട് ഡിപോന്റൽ സംവിധാനം ചെയ്ത 9 മോയസ് ഫോം എന്ന് ചിത്രവും 23ന് ഫ്രാൻകോസ് ഒസോൺ സംവിധാനം ചെയ്ത ത്രില്ലർ സിനിമ ഡൻസ് ലാ മെയ്സൺ എന്ന ചിത്രവും പ്രദർശിപ്പിച്ചു. ചിത്രത്തിന്റെ വിവരണം ഫ്രഞ്ച് അധ്യാപിക മെറി ലൂസ് നൽകി. ഫെഡറേഷൻ ഓഫ് ഫിലിംസൊസൈറ്റീസ് ഇന്ത്യയിൽ അഫിലിയേറ്റു ചെയ്തിട്ടുള്ളതാണ് ചാവറ മൂവി സർക്കിൾ.

# ചാവറ കൾച്ചറൽ സെന്ററിൽ Summer Splash 2015 ക്യാമ്പ്

ചാവറ കൾച്ചറൽ സെന്ററിൽ Summer Splash 2015 പ്രശസ്ത നാടക പരിശീലകനും അഭിനേതാവുമായ പി.എൽ.ജോസ് ഉദ്ഘാടനം ചെയ്തു. വിവിധ തരം കളികളിലും വ്യായാമങ്ങളിലും പ്രവൃത്തി പരിചയത്തിലും കൂടി വ്യക്തിത്വ വികാസം കുട്ടികളിൽ വളർത്തിയെടുക്കാൻ സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. പ്രസംഗപരിശീലനം വേദിയിൽ കയറാനുള്ള ധൈര്യം, കൂട്ടായ പ്രവർത്തനം, ഓർമ്മശക്തി വികസിക്കുവാനുള്ള കുറുക്കുവഴികൾ കുട്ടികളിലേക്ക് പകർന്നു നൽകുന്നു എന്നതാണ് ഈ ക്യാമ്പിന്റെ പ്രത്യേകതയെന്ന് അധ്യക്ഷത വഹിച്ച സുനിൽ കുമാർ പറഞ്ഞു.

## ഇറാനിയൻ ചലച്ചിത്രപ്രദർശനം.

ചാവറ മൂവി സർക്കിളിന്റെ ആഭിമുഖ്യത്തിൽ ഇറാനിയൻ ചലച്ചിത്ര പ്രദർശനം സംഘടിപ്പിച്ചു. ചാവറ കൾച്ചറൽ സെന്ററിൽ മെയ് 16ന് വൈകീട്ട് 6 മണിക്ക് ഇറാനിയൻ ചിത്രമായ ജാഫർ പനായി സംവിധാനം ചെയ്ത ദി വൈറ്റ് ബലൂൺ പ്രദർശിപ്പിച്ച ത് .

## പാഥേർ പാഞ്ചാലി ചലച്ചിത്രപ്രദർശനം

ചാവറ മൂവി സർക്കിളിന്റെ പ്രതിമാസ ചലച്ചിത്രപ്രദർശനത്തിന്റെ ാഗമായി ജൂൺ 20, ശനിയാഴ്ച റ് 6 മണിയ്ക്ക് എക്കാലത്തെയും പ്രസിദ്ധമായ പാഥേർ പാഞ്ചാലി പ്രദർശിപ്പിച്ചു. സത്യജിത് റേയുടെ അവിസ്മരണീയമായ ഈ ചലച്ചിത്രത്തിന്റെ പ്രദർശനത്തിന്റെ 60–ാം

വർഷത്തോടനനുബന്ധിച്ചാണ് പ്രദർശനം നടത്തിയത്.

## ചാവറയിൽ ലഹരി വിരുദ്ധദിനപ്രതിജ്ഞ

രാജ്യാന്തര ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് ചാവറ കൾച്ചറൽ സെന്ററിന്റെ കീഴിലുള്ള ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് മീഡിയ സ്റ്റഡീസിലെ വിദ്യാർത്ഥികൾക്കായി ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തു. എല്ലാവരും എന്തെങ്കിലും ലഹരിക്കടിപ്പെട്ടവരാണ് എന്നും എന്നാൽ ചെയ്യുന്ന തൊഴിലിനോടും പ്രസ്ഥാനത്തോടും ഉത്തരവാദിത്വങ്ങളോടുമുള്ള ലഹരിയാണ് പ്രസാദാത്മകമായ മാറ്റങ്ങൾ സമുഹത്തിൽ ഉണ്ടാക്കുന്നത് എന്ന് ഫാ. റോബി കണ്ണൻചിറ സി.എം.ഐ. പ്രസ്താവിച്ചു. ജിജോ പാലത്തിങ്കൽ, മാരായ വിജയൻ മേനോൻ, ശ്രീ. ജോർജ്ജ് വർഗ്ഗീസ്, ലെനാർഡ് ജെ.എബ്രഹാം തുടങ്ങിയവർ നേതൃത്വം കൊടുത്തു.

## വളരെ സത്യസന്ധമായ അനുഭവങ്ങൾ രചനകൾക്ക് പിൻബലമേകും ടി.എം.എബ്രഹാം

സത്യസന്ധതയുള്ള അനുഭവങ്ങൾ ജീവിതത്തിലുണ്ടാകുമ്പോൾ അത് രചനകൾക്ക് പിൻബലമേകുമെന്ന് കേരള സംഗീത നാടക അക്കാദമി വൈസ് ചെയർമാൻ ടി.എം. എബ്രഹാം അഭിപ്രായപ്പെട്ടു. നെട്ടൂർ ജോണിന്റെ ലേഖന സമാഹാരമായ **സപ്തതീ സങ്കീർത്തനങ്ങൾ** ചാവറ കൾച്ചറൽ സെന്ററിൽ പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ആഖ്യാനത്തിലോ, ആഖ്യാനത്തിന് ഉപയോഗിക്കുന്ന ഭാഷയിലോ അൽപ്പംപോലും കൃത്രിമത്വം അനുഭവപ്പെടുന്നില്ല. ഒപ്പം വായനക്കാരന്റെ ആത്മാവിൽ സ്പർശിക്കുന്ന രീതിയാണ് നെട്ടൂർ ജോണിന്റെ രചനയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഷാജി ജോർജ്ജ് ആദ്യപ്രതി ഏറ്റുവാങ്ങി.വയ

ലിൽ വിത്തുപാകുമ്പോൾ ഓരോ വിത്തും സ്വയം ചിന്തിക്കുന്നില്ല അടുത്തുള്ള വിത്ത് മുളയ്ക്കുന്നുണ്ടോ എന്നാൽ അവ സ്വയം മുളച്ചുവരുന്നു, അതു പോലെയാണ് ഓരോ എഴുത്തുകാരനും വളർന്നു വരുന്നതെന്ന് ഭാരത് മാതാ കോളേജിലെ പ്രൊഫസറായ ഡോ. കൊച്ചുറാണി ജോസഫ് അഭിപ്രായപ്പെട്ടു. റവ. ഡോ. ചെറിയാൻ കുനിയന്തോടത്ത് സി.എം.ഐ., ഫാ. റോബി കണ്ണൻചിറ സി.എം.ഐ., ഫാ.ബെന്നി ജോസഫ്, ശ്രീ. തോമസ് ജോസഫ്, ജോളി പവേലിൽ എന്നിവർ പ്രസംഗിച്ചു.

# വിവാഹ ധൂർത്തിന് നിയന്ത്രണം അനിവാര്യമാണ് :

# സെമിനാർ

വിവാഹ ധൂർത്തിന് നിയന്ത്രണം അനിവാര്യമാണെന്നും നിയമ നിർമ്മാണത്തിനു മുമ്പ് വിവിധ തലത്തിലുള്ള ചർച്ചകളും ഉണ്ടാവേണ്ടതാണെന്നും ചാവറ കൾച്ചറൽ സെന്റർ സംഘടിപ്പിച്ച സെമിനാർ അഭിപ്രായപ്പെട്ടു. കല്ല്യാണ ചെലവിൽ കർക്കശമായ നിയന്ത്രണം ഏർപ്പെടുത്തി നിയമനിർമ്മാണം വേണമെന്ന കേരള വനിതാക്കമ്മീഷൻ സംസ്ഥാന സർക്കാറിന് നൽകിയ ശുപാർശയെ ആസ്പദമാക്കി സംഘടിപ്പിച്ച സെമിനാർ പ്രൊഫ. മോനമ്മ കൊക്കാട് ഉദ്ഘാടനം ചെയ്തു. വിവാഹ ചടങ്ങുകളിൽ പങ്കെടുക്കുന്നവരുടെയും വിവാഹത്തിനുള്ള ചിലവും നിജപ്പെടുത്തിയ നിയമം സ്വാഗതമാണെന്ന് മോനമ്മകോക്കാട് പറഞ്ഞു. വിവാഹ ധൂർത്ത് സാമൂഹ്യ തിന്മയായതിനാൽ നിയമ നിർമ്മാണകൊണ്ടു മാത്രം ഈ സാമൂഹ്യവിപത്തിനെ നേരിടാൻ കഴിയില്ലെന്നും ശക്തമായ സാമൂഹ്യ ഇടപെടൽ അനിവാര്യമാണെന്ന് ചർച്ച മോഡറേറ്റ് ചെയ്ത അഡ്വ. ഡി.ബി.ബിനു അഭിപ്രായപ്പെട്ടു. വ്യക്തിനിയമങ്ങളുടെയും വ്യക്തി സ്വാതന്ത്ര്യത്തിന്റെയും മേഖലകളിലേയ്ക്ക് ഈ നിയമം കടന്നുകയറാൻ ഇടയുള്ളതിനാൽ വിവിധ തലത്തിലുള്ള ചർച്ച വേണമെന്ന് അഡ്വ. എം.എൽ.ജോർജ്ജ് അഭിപ്രായപ്പെട്ടു.വ്യക്തിജീവിതത്തിൽ നിർണ്ണായകമായ ഘടകമാണ് വിവാഹം എന്നതിനാൽ തീരെ ശുഷ്കിക്കാൻ പാടില്ല എന്ന് പ്രൊഫ. പി.ജെ. ജോസഫ് അഭിപ്രായപ്പെട്ടു. നിയമം കൊണ്ടുമാത്രം കാര്യമില്ല ജന

ങ്ങളുടെ മനസ്സിന് മാറ്റംവരുത്തുവാൻ തയ്യാറാകണം. വിവാഹ ക്ഷണ ക്കത്തുമുതൽ വിവാഹ ധൂർത്ത് ആരംഭിക്കുന്നതിനാൽ പ്രായോഗി കമായ രീതിയിൽ നടപ്പാക്കണമെന്നും ചർച്ചയിൽ അഭിപ്രായം ഉയർന്നു. നല്ല മാതൃകകൾ നമ്മുടെ യുവതി യുവാക്കൾക്ക് ഇല്ലാ ത്തതിനാൽ ആർഭാട വിവാഹങ്ങൾ സാധാരണമാവുന്നു. സെമനി നാറിൽ ഉയർന്ന നിർദ്ദേശങ്ങൾ വനിതാ കമ്മീഷന് നൽകുവാൻ തീരുമാനിച്ചു. കൊച്ചിൻ കോർപ്പറേഷൻ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേ ഴ്സൺമാരായ സൗമിനി ജെയിൻ, എസ്സി ജോസഫ്, വിമലാലയം കോളേജ് പ്രിൻസിപ്പൾ സിസ്റ്റർ മെജോ തോമസ്, ബീനാ സെബാ സ്റ്റ്യൻ, ജെ.സി. സ്മിത ഹരീഷ്, കൗൺസിലർമാരായ സുനിത ഡിക്സൺ, സുധ ദിലീപ്, ഡെലീന പിൻഹീറോ എന്നിവർ പ്രസം ഗിച്ചു.

## സ്വന്തം വിശ്വാസത്തിൽ ഉറപ്പുള്ളവനുമാത്രമാണ് മറ്റ് വിശ്വാസങ്ങൾ ആഘോഷിക്കാനാവുക: ബിഷപ്പ് ഡോ.ഏലിയാസ് മോർ അത്തനാസിയൂസ്

സ്വന്തം വിശ്വാസത്തിൽ ഉറപ്പുള്ളവനുമാത്രമാണ് മറ്റ് വിശ്വാസ ങ്ങൾ ആഘോഷിക്കാനാവുക, ഇസ്ലാം മതവിശ്വാസിക്കും ഹിന്ദുമ തവിശ്വാസിക്കും മറ്റു മതങ്ങളുടെ ആഘോഷങ്ങൾ സംഘടിപ്പി ക്കാം ചാവറ സംഘടിപ്പിച്ച ഈദ് സായാഹ്നം ശ്രദ്ധേയമാകുന്നതും ഈകാരണത്തിലാണെന്ന് സിറിയൻ ഓർത്തഡോക്സ് സഭ ബിഷപ്പ് ഡോ.ഏലിയാസ് മോർ അത്തനാസിയൂസ് അഭിപ്രായപ്പെട്ടു.ചാവറ കൾച്ചറൽ സെന്റർ, ലോകമതാന്തര സൗഹൃദ വേദി (WFIRC) എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച **ഈദ് സായാഹ്നവും മതസൗഹാർദ്ദ സമ്മേളനവും** ഉദ്ഘാടനം ചെയ്തു സംസാരിക്കു കയായിരുന്നു അദ്ദേഹം. ഓരോ മതത്തിനും വിശ്വാസവും വ്യത്യ സ്തമായ ആചാരങ്ങളുമുണ്ട് മറ്റു മത വിശ്വാസികളുടെ ആചാരങ്ങ ളെയും വിശ്വാസങ്ങളെയും ആദരിച്ചുകൊണ്ടും വേ ണം സ്വന്തം വിശ്വാസം പ്രകടിപ്പിക്കുവാനും ഉറപ്പിക്കുവാനും എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

കൊച്ചി കോർപ്പറേഷൻ ഡപ്യൂട്ടി മേയർ ശ്രീമതി.ബി.ഭദ്ര, ശ്രീ.സെബാസ്റ്റ്യൻ പോൾ, പ്രൊഫ. പി.ജെ ജോസഫ് (ഡയറക്ടർ, ടോക്എച്ച് സ്ഥാപനങ്ങൾ), ശ്രീമതി. ശ്യാമള സുരേന്ദ്രൻ, ഫാ. ജെയിംസ് മഠത്തിക്കണ്ടം, ശ്രീ.റ്റി.എം എബ്രഹാം, ശ്രീ. കെ. എൽ. മോഹനവർമ്മ, ഫാ. ജോസ് കോട്ടായിൽ (കെ.സി.ബി.സി. ഫാമിലി കമ്മീഷൻ സെക്രട്ടറി )ശ്രീമതി. ശ്രീകുമാരി രാമചന്ദ്രൻ, ശ്രീമതി. പർവീൺ ഹഫീസ്, സൗമിനി ജെയിൻ, ശ്രീ.കെ.എച്ച്, ഷഫീഖ് തുടങ്ങിയവർ പ്രസംഗിച്ചു ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. റോബി കണ്ണൻചിറ സി.എം.ഐ. സ്വാഗതവും ജോളി പവേലിൽ നന്ദിയും പറഞ്ഞു.

# ദേശഭക്തി ദേശീയഗാന മത്സരങ്ങൾ നടത്തി

ലോകത്തിന്റെ മുന്നിൽ തലകുനിക്കാതെ നിൽക്കുവാൻ തക്ക ശക്തിയാർജ്ജിച്ച് 68-ാം സ്വാതന്ത്ര്യദിനാഘോഷം നടത്തുവാൻ ഭാരതത്തിന് സാധിച്ചുവെന്ന് സിറിയക് ഏലിയാസ് വോളന്ററി അസോസിയേഷൻ സെക്രട്ടറി ഫാ. ജിൻസ് പടിഞ്ഞാറയിൽ അഭിപ്രായപ്പെട്ടു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ചാവറ കൾച്ചറൽ സെന്റർ സംഘടിപ്പിച്ച ദേശഭക്തി ദേശീയഗാനമത്സരങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. റോബി കണ്ണൻചിറ സി.എം. ഐ. അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് എൽ.പി., യു.പി., എച്ച്.എസ്., ഹയർ സെക്കന്ററി വിഭാഗങ്ങളിലായി ദേശീയഗാന, ദേശഭക്തി ഗാന മത്സരങ്ങൾ നടത്തി. സെന്റ് ഡൊമനിക സ്ക്കൂൾ, സെന്റ് തെരേസാസ് സ്ക്കൂൾ, സെന്റ് തോമസ് പെരുമാനൂർ, സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്ക്കൂൾ എന്നിവ ദേശീയഗാനത്തിനും ദേശഭക്തിഗാനമത്സരത്തിനും ഒന്നാം സ്ഥാനം കരസ്ഥമാക്കി. സെന്റ് ജോസഫ്സ് ആശ്രമം സുപ്പീരിയർ ഫാ. ജോസ് തച്ചിൽ സി.എം. ഐ., സമ്മാനങ്ങൾ വിതരണം ചെയ്തു. സംഗീത സംവിധായകൻ ജോൺസൺ മങ്ങഴ., ഗായകൻ ഗാഗുൽ ജോസഫ് , ജോളി പവേലിൽ എന്നിവർ പ്രസംഗിച്ചു.

# സെമിനാർ–ക്വിസ് മത്സരവും പാചകമത്സരവും ചാവറയിൽ

ചാവറ ഫെസ്റ്റ് 2015 നോടനനുബന്ധിച്ച് ചാവറ കൾച്ചറൽ സെന്ററിന്റെ കീഴിലുള്ള ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & മീഡിയ സ്റ്റഡീസിൽ എറണാകുളം ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി സെമിനാർ–ക്വിസ് മത്സരവും പാചകമത്സരവും സംഘടിപ്പിച്ചു. കേരളാ ടൂറിസവും അതിന്റെ വികസനസാധ്യതകളുമായിരുന്നു വിഷയം. പ്രിൻസി ട്രാവൽസ് ഡയറക്ടർ ഡോ. ദേവിക മേനോൻ സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തി. ഈ വിഷയത്തെ അധികരിച്ച് നടന്ന പ്രഭാഷണത്തിൽ എസ്.എച്ച്.കോളേജിൽ നിന്നുള്ള എൽസ ജോർജ്ജ് താലിയത്ത് ഒന്നാംസമ്മാനവും, കാർഡിനൽ ഹയർ സെക്കന്ററിയിലെ ഫായിസ് മുഹമ്മദ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

എയർ ഇന്ത്യ സെയിൽസ് മാനേജർ മിസ്സിസ് ഷീല കുറുപ്പിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം നടത്തി. സെന്റ് ആന്റണീസ് സ്കൂളിലെ കെസിയ മേരി ബേബിച്ചൻ,സംഗീത ചിന്നമ്മത്താണ് വിജയികൾ.

പാചകമത്സരത്തിൽ ഒന്നാം സ്ഥാനം ഔവർ ലേഡീസ് കോൺവെന്റ് ഗേൾസ് ഹൈസ്ക്കൂൾ, രണ്ടാം സ്ഥാനം തൃപ്പൂണിത്തുറ ബോയ്സ് ഹയർസെക്കന്ററി സ്ക്കൂൾ, മൂന്നാം സ്ഥാനം വെണ്ണല ഗവൺമെന്റ് ഹയർ സെക്കന്ററിസ്ക്കൂളും കരസ്ഥമാക്കി. കളമശ്ശേരി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ ദീപക് മത്സരങ്ങൾക്ക് നേതൃത്വം നൽകി. വിജയികൾക്ക് ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. റോബി കണ്ണൻചിറ സി.എം.ഐ. സമ്മാനങ്ങൾ വിതരണം ചെയ്തു. ജിജോ പാലത്തിങ്കൽ, വിജയൻ മേനോൻ, ജോർജ്ജ് വർഗ്ഗീസ്, ഷിന്റോ, സരിത സോഹൻലാൽ, ജോമി ജോസഫ്, ജോസ് ബിജോയ് എന്നിവർ നേതൃത്വം വഹിച്ചു.

# കൊച്ചിയിലെ ചാവറ കൾച്ചറൽ സെന്ററിന്റെ പുതിയ മന്ദിരവും ചാവറ ഫെസ്റ്റും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.




കേരളം കണ്ട ക്രാന്തദർശിയായ മനുഷ്യനാണ് വിശുദ്ധ ചാവറയച്ചനെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി അഭിപ്രായപ്പെട്ടു. പതിറ്റാണ്ടുകൾക്ക് മുൻപ് തന്നെ ഇന്നത്തെ കാലത്തെ ആവശ്യങ്ങൾ മുൻകൂട്ടി കാണുകയും അതിനുവേണ്ട ക്രമീകരണങ്ങൾ അന്നത്തെ കാലത്ത് നടപ്പിലാക്കുകയും ചെയ്തു എന്നതാണ് ചാവറയച്ചനെ മറ്റുള്ളവരിൽ നിന്നു വ്യത്യസ്തനാക്കുന്നത്. കാച്ചിയിൽ ചാവറ കൾച്ചറൽ സെന്ററിന്റെ വിദ്യാഭ്യാസ സമുച്ചയവും ചാവറ ഫെസ്റ്റ് – കലാമേ



ളയും ഭക്ഷ്യമേളയും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായി രുന്നു അദ്ദേഹം. സി.എം.ഐ. പ്രിയോർ ജനറാൾ റവ. ഡോ. പോൾ ആച്ചാണ്ടി അദ്ധ്യക്ഷത വഹിച്ചു. തിരുവല്ല അതിരൂപത ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് അനുഗ്രഹപ്രഭാഷണം നടത്തി. കാഴ്ച വൈകല്യമുള്ള അൻപത് പേർക്ക് സ്മാർട്ട് കെയിൻ സൗജന്യമായി മുഖ്യ മന്ത്രി വിതരണം ചെയ്തു. മന്ത്രി .കെ. ബാബു, പ്രൊഫ. കെ.വി. തോമസ് എം.പി., ജില്ലാ കളക്ടർഎം.ജി.രാജമാണിക്യം,ചാവറ കൾച്ചറൽ സെന്റർ ചെയർമാൻ ഫാ. സെബാസ്റ്റ്യൻ തെക്കേടത്ത് സി.എം.ഐ.,പി.എസ്.സി. ചെയർമാൻ ഡോ. കെ. എസ്സ്.രാധാകൃഷ്ണൻ, സംസ്കൃത സർവ്വകലാശാല വൈസ് ചാൻസ്ലർ ഡോ.എം.സി. ദിലീപ് കുമാർ, ചാവറ കൾച്ചറൽ സെന്റർ സ്ഥാപക ഡയറക്ടർ റവ. ഡോ. ആൽബർട്ട് നമ്പ്യാപറമ്പിൽ സി. എം.ഐ., മേയർ ടോണി ചമ്മിണി., ഡെപ്യൂട്ടി മേയർ ബി. ഭദ്ര, ഡൊമനിക് പ്രസന്റേഷൻ എം.എൽ.എ., WFIRC വൈസ് പ്രസിഡന്റ് സ്വാമി സദാശിവാനന്ദ, ഹുസൈൻ മൗലവി, റവ. ഡോ. ആന്റണി കരിയിൽ സി.എം.ഐ., മുൻ എം.പി. പി. രാജീവ്, എസ്.





ബി.ഐ. ലൈഫ് കേരള റീജിയണൽ ഡയറക്ടർ ജി. സുഭാഷ് ബാബു. എന്നിവർ പ്രസംഗിച്ചു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. റോബി കണ്ണൻചിറ സി.എം.ഐ. സ്വാഗതവും സേവ സെക്രട്ടറി ഫാ. ജിൻസ് പടിഞ്ഞാറയിൽ സി.എം.ഐ. നന്ദിയും പറഞ്ഞു.

ചാവറ ഫെസ്റ്റ് 2015 രണ്ടാം ദിവസത്തെപരിപാടികൾ ഹൈബി ഈഡൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു



*ചാവറ കൾച്ചറൽ സെന്ററിന്റെ കീഴിലുള്ള ചാവറ ഇന്റർ നാഷണൽ ഇൻസ്ററിറ്റ്യൂട്ട് ഓഫ് വിഷിലി ചാലഞ്ച്ഡിന്റെ നേതൃത്വത്തിൽ കാഴ്ചവൈകല്യമുള്ളവർക്ക് മുഖ്യമന്ത്രി ഉമ്മൻചാണ്ടി സ്മാർട്ട് കെയിൻ വിതരണം ചെയ്യുന്നു.*




*ചാവറ കൾച്ചറൽ സെന്ററും ചാവറ ഫാമിലി വെൽഫെയർ സെന്ററും ചേർന്നിറക്കിയ ഗാനസമാഹാരം ആകാശമോക്ഷത്തിൻ പ്രഭയിൽ മുഖ്യ മന്ത്രി ഉമ്മൻ ചാണ്ടി തിരുവല്ല ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസിന് നൽകി പ്രകാശനം ചെയ്യുന്നു.*




*ചാവറ കൾച്ചറൽ സെന്റർ സ്ഥാപക ഡയറക്ടർ*
*റവ. ഡോ. ആൽബർട്ട് നമ്പ്യാപറമ്പലിനെ*
*മുഖ്യമന്ത്രി പൊന്നാട അണിയിച്ച് ആദരിച്ചു.*

# രാഷ്ട്രീയ പാർട്ടികളെ വിവരാവകാശത്തിന്റ പരിധിയിൽ ഉൾപ്പെടുത്തണം

## ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ




ചാവറ ഫെസ്റ്റ് 2015 ന്റെ ഭാഗമായി ചാവറ കൾച്ചറൽ സെന്ററിൽ *വിവരാവകാശനിയമത്തിന്റെ പതിറ്റാണ്ട് നേട്ടങ്ങളും വെല്ലുവിളികളും* എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ സെമിനാർ ഉദ്ഘാടനെ ചെയ്തുകൊണ്ടു രാഷ്ട്രീയ പാർട്ടികളെ വിവരാവകാശത്തിന്റ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് ജസ്റ്റിസ്, സി.എൻ. രാമചന്ദ്രൻ നായർ അഭിപ്രായപ്പെട്ടു.

മാധ്യമ പ്രവർത്തനത്തെ വിപ്ലാവത്മകമാക്കുന്നതിൽ രചനാത്മക മായ പങ്കാണ് വിവരാവകാശ നിയമം വഹിച്ചതെന്ന് ഏഷ്യാനെറ്റ് ന്യൂസ് എഡിറ്റർ എം.ജി. രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. ജുഡീ ഷറിയുമായി ബന്ധപ്പെട്ട വിവരങ്ങൾ നിരസിക്കുന്ന നിഷേധാത്മക മായ നിലപാടാണ് വിവരാവകാശ നിയമത്തിന്റെ കാര്യത്തിൽ സ്വീക രിക്കുന്നതെന്ന് ഡോ. സെബാസ്റ്റ്യൻ പോൾ അഭിപ്രായപ്പെട്ടു. വിവ രാവകാശ നിയമത്തിന്റെ പരിധിയിൽ രാഷ്ട്രീയ പാർട്ടികളെ കൊണ്ടുവന്നാൽ അതോടെ നിയമം തന്നെ ഇല്ലാതാക്കാനാണ് സാധ്യതയെന്ന് മുൻ എം.എൽ.എ. കെ. കൃഷ്ണൻ കുട്ടി അഭിപ്രായ പ്പെട്ടു. കേരള ആർ.ടി.ഐ. ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് അഡ്വ. ഡി.ബി. ബിനു വിഷയം അവതരിപ്പിച്ചു. ഫാ. റോബി കണ്ണൻചിറ സി.എം.ഐ. റോട്ടറി ഡിസ്ട്രിക്റ്റ് അസിസറ്റന്റ് ഗവ ണർ കേണൽ ജോജോ ജേക്കബ്, അഡ്വ. എ. ജയകുമാർ, റോട്ടറി ക്ലബ് ഓഫ് കൊച്ചീൻ ക്യൂൻ സിറ്റി പ്രസിഡന്റ് ജിജോ പാലത്തി ങ്കൽ, കെ.എൻ.കെ നമ്പൂതിരി, എന്നിവർ പ്രസംഗിച്ചു. വിവരാവ കാശനിയമത്തിന്റെ വികസനപരിണാമങ്ങൾ വിശദീകരിക്കുന്ന കാർട്ടൂൺ പ്രദർശനം നടന്നു.

രഞ്ജിത്ത് തൃപ്പൂണിത്തുറ അവതരിപ്പിച്ച കേരളനടനം-ഓട്ടൻതുള്ളൽ, ശ്യാമള സുരേന്ദ്രന്റെ നേതൃത്വത്തിൽ ധരണി അവ തരിപ്പിച്ച മോഹിനിയാട്ടം, *ട്രിപ്പീസ് ഡാൻസ്,റോപ്പ് ഡാൻസ്, അശോക് ആനന്ദ് അവതരിപ്പിച്ച ജഗ്ളിംഗ് ഡാൻസ്,* കാഴ്ചവൈക ല്യമുള്ളവരുടെ ഗാനമേള *ഹാർട്ട് റ്റു ഹാർട്ട്* എന്നിവ

## സിനിമയുടെ ചരിത്രം സംരക്ഷിക്കപ്പെടണം : പി.കെ. നായർ




സിനിമയുടെ ചരിത്ര സ്മൃതികൾ സംരക്ഷിക്കപ്പെടണം. അരനൂറ്റണ്ടിലേ റെയായി സിനിമ ചരിത്രത്തിന്റെ പഴമയും പുതുമയും ഒന്നു പോലെ

സംരക്ഷിക്കപ്പെടേണ്ടത് വരും കാലങ്ങളിൽ ഫിലിം ആസ്വാദകർക്കും വിദ്യാർത്ഥികൾക്കും ഒരു പോലെ ഗുണകരമാണെന്ന് പി.കെ. നായർ അഭി പ്രായപ്പെട്ടു. ചലച്ചിത്ര സംസ്കൃതിയ്ക്കു നൽകിയ സമഗ്ര സംഭാവനകളുടെ പേരിൽ ചാവറ കൾച്ചറൽ സെന്റർ നൽകി വരുന്ന ഗുരു വന്ദന പുരസ്കാരം പ്രാമാണിക ചലച്ചിത്ര ചരിത്രകാരനും വിചാരകനും ഇന്ത്യൻ ഫിലിം ആർക്കൈവ്സിന്റെ സ്ഥാപകനും, തലമുറകൾക്കു ഗുരുവുമായ **പി.കെ.നായർ**ക്കു നൽകി ആദരിച്ച ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പശസ്ത സംവിധായകൻ **കെ.ജി. ജോർജ്ജ്** അവാർഡ് സമ്മാനിച്ചു. 25,000രൂപയും ഫലകവുമാണ് പുരസ്കാരം. ഛായാഗ്രാഹകൻ സണ്ണി ജോസഫ് **കോട്ടയം വികാർ** പ്രൊവിൻഷ്യൽ **റവ.മാത്യു ചീരാകുഴി, മുവാറ്റുപുഴ പ്രൊവിൻഷ്യാൽ ഫാ. തോമസ് മഞ്ഞക്കുന്നേൽ എന്നിവർ** പ്രസംഗിച്ചു.

ഓം ശാന്തി ഓശാനയുടെ സംവിധായകനായ ജൂഡ് ആന്റണി ജോസഫിനും, യുവപ്രതിഭാ പുരസ്കാരം നൽകി ആദരിച്ചു. 10,000രൂപയും ഫലകവുമാണ് പുരസ്കാരം. തുടർന്ന് ഫാ. ഫ്രാൻസിസ് വള്ളപുര സി.എം.ഐ വിഴിഞ്ഞം നേതൃത്വത്തിലുള്ള വി. ചാവറ പിതാവ് എഴുതിയ ഇടയനാടകത്തിന്റെ അവതരണംഅരങ്ങേറുകയും ചെയ്തു.

## ചാവറ ഷോട്ട് ഫിലിം ഫെസ്റ്റിവൽ
## മികച്ച ചിത്രം : തീപ്പെട്ടി
## മികച്ച സംവിധായകൻ : ലിജോ തോമസ്




ചാവറ ഷോട്ട് ഫിലിം ഫെസ്റ്റിവലിൽ 65 ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്. പൊതുവിഭാഗത്തിൽ ലിജോ ജോയി സംവിധാനം ചെയ്ത തീപ്പെട്ടി മികച്ച

ചിത്രമായും , രമണിചേച്ചിയുടെ നാമത്തിൽ സംവിധാനംചെയ്ത ലിജോ തോമസ് മികച്ച സംവിധായകനായും തെരഞ്ഞെടുക്കപ്പെട്ടു. വിശുദ്ധ ചാവറ കുടുംബചട്ടങ്ങളെ ആധാരമാക്കിയ ഒരു നല്ല അപ്പന്റെ ചാവരുൾ എന്ന ചിത്രം നിർമ്മിച്ച ഫാ. സന്തോഷ് മുണ്ടൻ മാണി സംവിധാനം ചെയ്ത ബിനോജിനും പ്രത്യേക പുരസ്കാരം നൽകി.
പൂജപ്പുര സെൻട്രൽ ജയിലിലെ ഉദ്യോഗസ്ഥരുടെ കൂട്ടായ്മയിൽ ഒരുങ്ങിയ ഹൃസ്വചിത്രം അഭയാർത്ഥിക്ക് ചാവറ മൃൂവി സർക്കിളിന്റെ പ്രത്യേക പുരസ്കാരവും നൽകി. പൂജപ്പുര സെൻട്രൽ ജയിലിലെ തന്നെ അസിസ്റ്റന്റ് പ്രിസൺ ഓഫീസറായ അജിത്ത് പൂജപ്പുരയാണ് അഭയാർത്ഥി സംവിധാനം ചെയ്തിരിക്കുന്നത്.

മികച്ച ചിത്രത്തിനും,മികച്ച സംവിധായകനും 10,000 രൂപയും ഫലകവും, പ്രശസ്തി പത്രവുമടങ്ങിയതാണ് അവാർഡ്. അവാർഡ് ജൂറി ചെയർമാൻ കെ.ജി. ജോർജജ്, സംവിധായകൻ മോഹൻ, ആർട്ടിസ്റ്റ് കലാധരൻ, പി.ജെ.ചെറിയാൻ എന്നിവരടങ്ങിയ ജൂറിയാണ് അവാർഡ് നിർണ്ണയിച്ചത്.

ചാവറ ഷോട്ട് ഫിലിം ഫെസ്റ്റിവൽ ചെയർമാൻ ഫാ. സെബാസ്റ്റ്യൻ തെക്കേടത്ത്, കൺവീനർമാരായ ഫാ. റോബി കണ്ണൻചിറ സി.എം.ഐ. ജോൺപോൾ, ഫെസ്റ്റിവൽ ഡയറക്ടർ ജോളി പവേലിൽ എന്നിവർ നേതൃത്വം നൽകി. ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റി ഓഫ് ഇന്ത്യ, ലിവിംഗ് ഫെയ്ത്ത് ചാനൽ, സിമാംസ്, ചാവറ ഫാമിലി വെൽഫെയർ സെന്റർ എന്നിവയുടെ സഹകരണത്തോടെയാണ് ചാവറ മൂവി സർക്കിൾ ഹൃസ്വമേള സംഘടിപ്പിച്ചത്.

ഫോട്ടോ ക്യാപ്ഷൻ. ഫാ. റോബി കണ്ണൻചിറ സി.എം.ഐ., ഫാ. മാത്യു ചീരാകുഴി സി.എം.ഐ (വികാർ പ്രൊവിൻഷ്യൽസെന്റ് ജോസഫ്സ് പ്രൊവിൻസ് കോട്ടയം) ജൂഡ് ആന്റണി (ഓംശാന്തി ഓശാന, ഡയറക്ടർ) ആർട്ടിസ്റ്റ് റ്റി. കലാധരൻ, ക്യാമറാ മാൻ സണ്ണി ജോസഫ്, ഫാ. തോമസ് മഞ്ഞക്കുന്നേൽ സി.എം.ഐ., (പ്രാവിൻഷ്യാൽ, കാർമൽ പ്രൊവിൻസ് മൂവാറ്റുപുഴ), ഫാ. സെബാസ്റ്റ്യൻ തെക്കേടത്ത് സി.എം.ഐ, അഡ്വ. ഡി. ബി. ബിനു,ജോളി പവേലിൽ എന്നിവർ




Compliments
ChavaraMatrimony.com
Chavara Family Welfare Centre
Chavara Cultural Centre, Kochi-11.
Ph: 0484 40 80 333

*കർമ്മലയിലെ സൗഗന്ധികങ്ങൾ*



## ഫാ. ജെയിംസ് പെരുവാച്ചിറ സി.എം.ഐ.

**ജനനം :** 02.11.1932 **ആദ്യവ്രതം :**16.05.1958
**തിരുപ്പട്ടം:**16.05.1964 **മരണം:** 03.02.2015

2015 മാർച്ച് 3-ാം തീയ്യതി വൈകുന്നേരം 8.30ന് മണിമുഴങ്ങിയത് ജെയിംസ് പെരുവാച്ചിറയച്ചനുവേണ്ടിയായിരുന്നു. 8 മണിയോടെ ആരംഭിച്ച ഹൃദയാസ്വസ്ഥതയാണ് പെട്ടെന്നുള്ള മരണകാരണമായത്. ഓർമ്മകൾ നഷ്ടപ്പെട്ടുകൊണ്ടിരുന്നപ്പോഴും ജെയിംസച്ചൻ നല്ല ആരോഗ്യവാനായിരുന്നു.

ദേവഗിരി സെന്റ് ജോസഫ് ആശ്രമത്തിന്റെ നേതൃത്വത്തിൽ കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രിയിൽ നടത്തിവന്നിരുന്ന രോഗീസന്ദർശന ശുശ്രൂഷക്കായിട്ടാണ് ജെയിംസച്ചൻ ദേവഗിരിയിൽ എത്തിച്ചേർന്നത്. തുടർന്ന് വിശ്രമജീവിതം ദേവഗിരി ആശ്രമത്തിലായരുന്നു.

പാലാ രൂപതയിലെ കിഴപറയാർ ഇടവകയിൽ പെരുവാച്ചിറ ജോസഫ്-റോസ ദമ്പതികളുടെ മകനായി 1932 നവംബർ രണ്ടിനാണ് ജനനം. സ്കൂൾ വിദ്യാഭ്യാസം ഇടമറ്റത്തും ഭരണങ്ങാനത്തും. സി.എം.ഐ. സഭയിൽ ചേർന്ന് 1958 മെയ് 16ന് പ്രഥമ വ്രതവാഗ്ദാനം നടത്തി. 1964 മെയ് 16ന് വൈദിക പട്ടം സ്വീകരിച്ചു. ലുവെയ്ൻ കാത്തലിക് യൂണിവേഴ്സിറ്റിയിൽ ഉപരിപഠനം നടത്തി. മലബാർ മിഷന്റെ ഭാഗമാകാനായിരുന്നു ജെയിംസച്ചന്റെ നിയോഗം. 1969ൽ അമലാപുരി ആശ്രമ ശ്രേഷ്ഠനായും ഇടവകവികാരിയായും നിയമിതനായി.

1972മുതൽ 1977 വരെ അടയ്ക്കാത്തോട് ശാന്തിഗിരി ആശ്രമ ശ്രേഷ്ഠനായും ഇടവക വികാരിയായും സേവനമുഷ്ഠിച്ചു. കാടിനെ നാടാക്കാനുള്ള കുടിയേറ്റ കർഷകരോടൊപ്പമായിരുന്നു ജെയിം

സച്ചനും. അവരുടെ കുതിപ്പിലും കിതപ്പിലും ജെയിംസച്ചനുണ്ടായിരുന്നു. കുതിപ്പിന്റെഭാഗമായിരുന്നു സ്ഥാപനങ്ങളുണ്ടാക്കിയതും വഴികൾ വെട്ടിയതും. ഏറുമാടങ്ങളിൽ വിളവിന് കാവലിരുന്ന മനുഷ്യർ രോഗവും പട്ടിണിയും. ഇടതടവില്ലാതെ അവരെ സന്ദർശിച്ചിരുന്ന കാലം. അപ്പോഴൊക്കെയും പള്ളിമേടകൾ പരിപാലനയുടെ കാവൽമാടങ്ങളായിരുന്നു. വൈദികൻ അവരുടെ ശക്തിയും.

1981 ൽ ഗൂഡല്ലൂർ അരുൾ നിലയം ആശ്രമാധിപനായി നിയോഗിക്കപ്പെട്ടു. അതി ജീവനത്തിന് കുടിയേറിയ മലയാളികൾക്ക് ഗൂഡല്ലൂർ കുടിയൊഴിപ്പിക്കൽ മരണതുല്യമായിരുന്നപ്പോഴാണ് ജെയിംസച്ചൻ ജനപക്ഷത്ത് നിന്ന് നീതിക്കുവേണ്ടി നിലകൊണ്ടത്.

1984ലും 1990ലും കൂടത്തായി പ്രിയോരായും വികാരിയായും നിയമിക്കപ്പെട്ടു. അതിജീവനത്തിന് കുടിയേറിയ മലയാളികൾക്ക് ഗൂഡല്ലൂർ കുടിയൊഴിപ്പിക്കൽ മരണതുല്യമായിരുന്നപ്പോഴാണ് ജെയിംസച്ചൻ ജനപക്ഷത്ത് നിന്ന് നീതിക്കുവേണ്ടി നിലകൊണ്ടത്.

1984ലും 1990ലും കൂടത്തായി പ്രിയോരായും വികാരിയായും നിയമിക്കപ്പെട്ടു. 1987ൽ ലക്കിടിയും 1994ൽ നിലവിൽപ്പുഴയും 1999ൽ ഇടപ്പുഴയും ജെയിംസച്ചന്റെ സേവനരംഗങ്ങളായി. 2014ൽ പൗരോഹിത്യജൂബിലി കഴിഞ്ഞ് 82-ാം വയസ്സിൽ ജെയിംസച്ചൻ നമുക്ക് ഓർമ്മയായി. 2015 മാർച്ച് 5-ാം തീയ്യതി 10 മണിക്ക് ദേവഗിരി ആശ്രമദേവാലയത്തിൽ നടത്തിയ സംസ്കാര ശുശ്രൂഷയ്ക്ക് മാർ റെമിജിയോസ് ഇഞ്ചാനാനിയിൽ, മാർ ജോസ് പൊരുന്നേടം എന്നിവർ നേതൃത്വം നൽകി.

ജെയിംസച്ചൻ സന്ന്യാസവൈദിക വീഥിയിൽ ഏറെനാൾ ക്രിസ്തുസ്നേഹത്തിന്റെ ദീപശിഖ വഹിച്ചു. നടന്നുതീരാത്ത സ്നേഹത്തിന്റെ വഴി പിൻതുടരാൻ ജെയിംസച്ചന്റെ പ്രചോദനം നമുക്ക് ഊർജ്ജമാകും. ഈ സന്ന്യാസവര്യന് പ്രണാമവും പ്രാർത്ഥനയും നേർന്നുകൊണ്ട് .

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് പൈകട സി.എം.ഐ.**

സെന്റ് ജോസഫ് ആശ്രമം, ദേവഗിരി, കോഴിക്കോട്

*കർമ്മലയിലെ സൗഗന്ധികങ്ങൾ*



## ഫാ. ബെർട്രാം കാഞ്ഞിക്കൽ സി.എം.ഐ.

**(1925–2015)**

**സാൻജോ ഭവൻ, ചെത്തിപ്പുഴ**

ചെത്തിപ്പുഴ സാൻജോ ഭവനിൽ ദീർഘകാലമായി വിശ്രമജീവിതം നയിച്ചുവരികയായിരുന്ന ബഹു. ബെർട്രാം കാഞ്ഞിക്കൽ അച്ചൻ കഴിഞ്ഞ മെയ് മാസം 18-ാം തീയ്യതി തന്റെ 90-ാം വയസ്സിൽ ദൈവസന്നിധിയിലേക്ക് നിത്യസമാധാനത്തിനായി വിളിക്കപ്പെട്ടു. ആലപ്പുഴ ജില്ലയിലെ പുളിങ്കുന്നിൽ പ്രശസ്തമായ കാഞ്ഞിക്കൽ തറവാട്ടിൽ പരേതരായ തൊമ്മിച്ചന്റെയും അച്ചാമ്മയുടെയും എട്ടുമക്കളിൽ അഞ്ചാമനായി ആണ് ബെർട്രാമച്ചൻ ജനിച്ചത്. പുളിങ്കുന്ന് സെന്റ് ജോസഫ്സ് പ്രൈമറി സ്ക്കൂളിൽ നിന്ന് പ്രാഥമികവിദ്യാഭ്യാസവും, മാന്നാനം സെന്റ് എഫ്രേംസ് സ്ക്കൂളിൽ നിന്ന് ഹൈസ്ക്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കിയ ബെർട്രാമാച്ചൻ 1941 ജൂലൈ 3-ാം,തീയ്യതി സി.എം.ഐ. സഭയിൽ പ്രവേശിച്ച് യോഗാർത്ഥി പരിശീലനം ആരംഭിച്ചു. അമ്പഴക്കാട് നവസ

ന്യാസഭവനത്തിൽ നിന്നും സന്യാസ ജീവിതത്തിന്റെ ബാലപാഠങ്ങൾ അഭ്യസിച്ച് 1945 നവംബർ 1-ാം തീയ്യതി ആദ്യവ്രതം അനുഷ്ഠിച്ച് ഒരു വിശുദ്ധ വൈദികൻ ആകണം എന്ന തന്റെ ജീവിതാഭിലാഷത്തിന് ആരംഭം കുറിച്ചു. 1948 ഡിസംബർ 8-ാം തീയതി മംഗലാപുരം സെമിനാരിയിൽ വച്ച് നിത്യവ്രതം അനുഷ്ഠിച്ചു. ബെർട്രാമാച്ചൻ തന്റെ തത്വശാസ്ത്ര,ദൈവശാസ്ത്ര പഠനങ്ങൾ അവിടെ തന്നെ പൂർത്തീകരിച്ചു. 1953 മെയ് 8-ാം തീയതി ചെത്തിപ്പുഴ തിരുഹൃദയദേവാലയത്തിൽ വച്ച് ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിൽ നിന്ന് തിപുപ്പട്ടം സ്വീകരിച്ച് തൊട്ടടുത്ത ദിവസം മാതൃ ഇടവകയായ പുളിങ്കുന്നിൽ നവ പൂജാർപ്പണം നടത്തി.

പൊതുവെ ശാന്തസ്വഭാവും പ്രാർത്ഥനാരൂപിയും നിറഞ്ഞ ബെർട്രാമച്ചൻ തന്റെ 62 വർഷം ദീർഘിച്ച പൗരോഹിത്യ ജീവിതത്തിനിടയിൽ സഭയുടെ വളർച്ചയ്ക്കും, ആത്മാക്കളുടെ രക്ഷയ്ക്കുമായി തന്റെ അജപാലക ദൗത്യം പല കർമ്മമേഖലകളിൽ നിർവ്വഹിച്ചു. ചെത്തിപ്പുഴ, കൂനമ്മാവ് സെമിനാരികളിൽ ദീർഘകാലം അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഗ്രിഗോറിയൻ സർവ്വകലാശാലയിൽനിന്ന് കാനൻ നിയമത്തിലും, ധാർമ്മിക ദൈവശാസ്ത്രത്തിലും ഉന്നതവിദ്യാഭ്യാസം നേടിയ ബെർട്രാമച്ചൻ ബാഗ്ലൂർ ധർമ്മാരാം മേജർ സെമിനാരിയിൽ 1961മുതൽ 1985വരെ അദ്ധ്യാപകനായി സ്തുത്യർഹ സേവനം അനുഷ്ഠിച്ചു. ഇരുപത്തിയഞ്ച് വർഷത്തിലധികമായി അദ്ദേഹം വൈദിക വിദ്യാർത്ഥികളുടെ പരിശീലനരംഗത്ത് നിറസാന്നിധ്യമായിരുന്നു.

വിദ്യാർത്ഥികൾക്ക് ഏറെ ഇഷ്ടപ്പെട്ട ഒരു അദ്ധ്യാപകനായിരുന്നു ബെർട്രാമച്ചൻ. ധാരാളം വായിച്ച് അറിവു സമ്പാദിക്കുന്ന ബെർട്രാമച്ചനെ സഞ്ചരിക്കുന്ന സർവ്വവിജ്ഞാനകോശം എന്ന് സംബോധന ചെയ്യുന്നതിൽ തെറ്റില്ലായിരുന്നു. സംശയ നിവാരണത്തിനായി തന്റെ പക്കൽ വരുന്ന വിദ്യാർത്ഥികളെ തൃപ്തിപ്പെടുത്തുന്ന വിധത്തിൽ ഉത്തരം നൽകിയാണ് അച്ചൻ മടക്കി അയച്ചിരുന്നത്. ചിന്തോദ്ദീപകങ്ങളായ തമാശകഥയിലൂടെയും ഉദാഹരണങ്ങളിലൂടെയും തന്റെ അദ്ധ്യാപനം കൂടുതൽ സജീവമാക്കുവാനും രസകരമാക്കുവാനും ബെർട്രാമച്ചൻ ശ്രദ്ധിച്ചിരുന്നു. സമൂഹജീവിതം ആഘോഷമാക്കിയ വ്യക്തിയാണ് ബെർട്രാമച്ചൻ. തമാശകൾ പറ

യാനും, സൗഹൃദം പങ്കുവയ്ക്കാനും സഹോദരെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കുവാനും ബെർട്രാമച്ചനുണ്ടായിരുന്ന ചാതുര്യം നിസ്തുലമായിരുന്നു. കണ്ടുമുട്ടുന്നവരുമായി അഭേദ്യമായ ഒരു ഹൃദയബന്ധവും, സൗഹൃദവും സ്ഥാപിക്കാൻ ഉതകുന്ന ആത്മാർത്ഥതയും നിഷ്ങ്കളതയും നിറഞ്ഞ വ്യക്തിത്വമായിരുന്നു അച്ചന്റേത്. അജപാലനശുശ്രൂഷാരംഗത്തും നിസ്സീമമായ വ്യക്തിവൈഭവമാണ് അച്ചൻ പ്രകടിപ്പിച്ചത്. ദീർഘനേരം കുമ്പസാരക്കൂട്ടിൽ ചിലവഴിക്കാൻ യാതൊരു മടിയും അച്ചൻ പ്രകടിപ്പിച്ചിരുന്നില്ല. പരാതികളോ പരിദേവനങ്ങളോ പരിഭ്രമമോ ഇല്ലാത്ത ജീവിതമായിരുന്നു ബെർട്രാമച്ചന്റേത്. ദീർഘകാലം രോഗങ്ങൾ പലവിധത്തിൽ സഹനം സമ്മാനിച്ചപ്പോൾ അവയെല്ലാം ദീർഘക്ഷമയോടെ അച്ചൻ സഹിച്ചു. തന്റെ വേദന മറന്നും മറച്ചുവെച്ചും തന്നെ സന്ദർശിക്കാൻ വരുന്നവരോട് അച്ചൻ സ്നേഹത്തോടും, സൗഹൃദത്തോടുംകൂടി പെരുമാറിയിരുന്നു. ഉത്തമനായ സന്യാസവര്യനായിരുന്നു അദ്ദേഹം. ലാളിത്യവും ആത്മാർത്ഥതയും, നിഷ്കളങ്കതയും കൈമുതലാക്കി പ്രാർത്ഥനാരൂപിയിൽ ജീവിതം നയിച്ച ബെർട്രാമച്ചൻ തന്റെ സത്ഗുണ സമ്പന്നനായ ഒരു സന്യാസിയായിരുന്നു. ബഹു.ബെർട്രാമച്ചൻ തന്റെ സുദീർഘമായ അദ്ധ്യാപനജീവിതത്തിന് ശേഷം ആലപ്പുഴ സെന്റ് സേവ്യേഴ്സ് ആശ്രമത്തിൽ അജപാലന ശുശ്രൂഷ നിർവഹിച്ചു. ആലപ്പുഴയിൽ വെച്ചുണ്ടായ ആകസ്മികമായ ഒരു അപകടത്തിനു ശേഷം മരണം വരെ ചെത്തിപ്പുഴ സാൻജോ ഭവനിൽ വിശ്രമജീവിതം നയിക്കയായിരുന്നു .

2015 മെയ് 18-ാം തീയതി രാത്രി 9 മണിയോടുകൂടി നാലുകോടി സെന്റ് റീത്താസ് ആശുപത്രിയിൽ വച്ച് ബഹു. ബെർട്രാമച്ചൻ തന്റെ ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിച്ച് അന്ത്യനിദ്ര പുൽകി. 2015 മെയ് 20-ാം തീയതി രാവിലെ ആശ്രമത്തിലെ ചരമശുശ്രൂഷാകർമ്മങ്ങൾക്ക് പ്രൊവിൻഷ്യാളച്ചൻ മുഖ്യകാർമികത്വം വഹിക്കുകയും തുടർന്ന് മൃതശരീരം സാൻജോ ഭവന്റെ ചാപ്പലിൽ പൊതുദർശനത്തിന് വയ്ക്കുകയും ചെയ്തു. ബന്ധുജനങ്ങൾ, സുഹൃത്തുക്കൾ, പരിചയക്കാർ, വിദ്യാർത്ഥികൾ, ഇടവകാംഗങ്ങൾ, തുടങ്ങി ജീവിതത്തിന്റെ നാനാതുറകളിൽ നിന്നും വളരെപേർ ആദരാഞ്ജലികളർപ്പിച്ചു പ്രാർത്ഥിച്ചു. ചങ്ങനാശ്ശേരി അതിരൂപതാ

മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ജോസഫ് പെരുംന്തോട്ടം പിതാവും, ആലപ്പുഴ രൂപതാ മെത്രാൻ അഭിവന്ദ്യ മാർ സ്റ്റീഫൻ അത്തിപ്പൊഴി പിതാവും അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു.

ഉച്ചകഴിഞ്ഞ്1.30ന് മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാംഭാഗത്തിന് ബഹു. പ്രിയോരച്ചൻ നേതൃത്വംനൽകുകയും മൃതശരീരം ദേവാലയത്തിലേക്ക് സംവഹിക്കുകുയം ചെയ്തു. തുടർന്നുള്ള കർമ്മങ്ങൾക്ക് ബഹു. പ്രൊവിൻഷ്യാളച്ചൻ നേതൃത്വം നൽകുകയും വി.കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിക്കുകയും ചെയ്തു. സഭയുടെ മുൻ പ്രിയോർ ജനറാളും ബെർട്രാമച്ചന്റെ ശിഷ്യനുമായ ബഹു.ആന്റണി കരിയിൽ അച്ചൻ അനുസ്മരണപ്രഭാഷണം നടത്തി. ജഗദൽപൂർ രൂപതയുടെമെത്രാൻ അഭിവന്ദ്യ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് ശവസംസ്കാര ശുശ്രൂഷയുടെ അവസാന ഭാഗത്തിന് മുഖ്യകാർമികത്വം വഹിച്ചു. ധാരാളം വൈദീകരുടെയും സന്യസ്തരുടെയും, ബന്ധുജനങ്ങളുടെയും, അദ്ദേഹം സേവനമനുഷ്ഠിച്ച സ്ഥലങ്ങളിൽനിന്നുമുള്ള ധാരാളം ആളുകളുടെയും സാന്നിധ്യത്തിൽ തിരുഹൃദയ ആശ്രമ സെമിത്തേരിയിൽ മൃതദേഹം സംസ്ക്കരിച്ചു.

തീക്ഷണമതിയായ ഒരു സന്ന്യാസവൈദികനായിരുന്നു ബഹു.ബെർട്രാമച്ചൻ. ലാളിത്യമാർന്ന ജീവിതം നയിച്ച അദ്ദേഹത്തിന്റെ കൈവശം ആർഭാടമായിട്ടുള്ളതൊന്നും ഉണ്ടായിരുന്നില്ല. രോഗാവസ്ഥയിലും സന്യാസക്രമങ്ങൾ നിഷ്ഠയോടെ പാലിച്ചിരുന്ന ഉത്തമ സന്യാസിയായിരുന്ന ബെർട്രാമച്ചൻ ഏവരോടും സ്നേഹത്തോടും സൗഹൃദത്തോടും കൂടി ഇടപെടുകയും നർമ്മരസത്തോടെ സംഭാഷിക്കാൻ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. ബഹു.ബെർട്രാമച്ചനെ സി.എം.ഐ.സഭയ്ക്ക് നൽകിയ നല്ല ദൈവത്തിന് നന്ദിപറഞ്ഞുകൊണ്ട് അച്ചന്റെ ആത്മശാന്തിക്കായി നമ്മുടെ നിയമാവലി അനുസരിച്ചുള്ള പ്രാർത്ഥനകൾ (D.58) നമുക്ക്സമർപ്പിക്കാം.

08.06.2015

**ഫാ. തോമസ് തെക്കേത്തല സി.എം.ഐ.**
ഡയറക്ടർ, സാൻജോഭവൻ
ചെത്തിപ്പുഴ

*കർമ്മലയിലെ സൗഗന്ധികങ്ങൾ*



## റവ. ഫാ. ജെയിംസ് ജൂലിയൻ പാണാപള്ളി സി.എം.ഐ.

**(1935–2015)**

മാന്നാനം സെന്റ് ജോസഫ്സ് ആശ്രമാംഗമായിരുന്ന ബഹു. ജെയിംസ് ജൂലിയാനച്ചൻ (80) 2015 മെയ് 26-ാം തീയ്യതി ചൊവ്വാഴ്ച പായിപ്പാട് സെന്റ് റീത്താസ് ആശുപത്രിയിൽ വച്ച് ഹൃദയസ്തംഭനം മൂലം നിര്യാതനായി. സംസ്കാരം മെയ് 28-ാം തീയതി വ്യാഴാഴ്ച 2.30ന് മാന്നാനം സെന്റ് ജോസഫ്സ് ആശ്രമദേവാലയത്തിൽ നടത്തപ്പെട്ടു.

കൈനകരി തെക്കുംഭാഗത്ത് പാണാവള്ളി കുടുംബത്തിൽ പരേതനായ പാപ്പച്ചൻ (ഉലഹന്നാൻ) ഏലിയാമ്മ ദമ്പതികളുടെ ആറാമത്തെ മകനായി 1935 ജനുവരി26-ാം തീയ്യതി ജനിച്ച ബഹു ജൂലിയാനച്ചൻ സ്ക്കൂൾ വിദ്യാഭ്യാസം കൈനകരി സെന്റ് മേരീസ് സ്ക്കൂളിൽ പൂർത്തിയാക്കി. മാന്നാനം, സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. 16.05.1957-ൽ വ്രതമനുഷ്ഠിച്ചു. ബാംഗ്ലൂർ ധർമ്മരാം കോളജിൽ നിന്ന് തത്വശാസ്ത്രദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി . 17.05.1963-ൽ ബോംബെ ദിവ്യകാരുണ്യ കോൺഗ്രസ്സിൽ വച്ച്

വൈദികപട്ടം സ്വീകരിച്ചു. കൈനകരി ,സെന്റ് ഏലിയാസ് കാർമ്മൽ ആശ്രമദേവാലയത്തിലായിരുന്നു നവ പൂജാദർപ്പണം.

മാന്നാനം,ചമ്പക്കുളം, ആശ്രമങ്ങളുടെ പ്രിയോർ, പ്രവിശ്യാ കൗൺസിലർ, നൂറനാട്,ചീപ്പുങ്കൽ, കന്യാകുമാരി ആശ്രമങ്ങളുടെ സുപ്പീരിയർ, കെ.ഇ. കോളേജ് ബർസാർ, ഹോസ്റ്റൽ വാർഡൻ, സെന്റ് ജോസഫ്സ് പ്രസ്സ് മാനേജർ, പായിപ്പാട് സെന്റ് റീത്താസ് ഹോസ്പിറ്റൽ ഡിറക്ടർ, ദീപിക ജനറൽ മാനേജർ, സാൻജോസ് ബുക്ക് സ്റ്റാൾ മാനേജർ തുടങ്ങിയ ജോലികൾ നിർവഹിച്ചു.

പൗരോഹിത്യ ശുശ്രൂഷകളിൽ അതീവതാല്പര്യനായിരുന്ന അച്ചൻ, ആശ്രമദിനചര്യകളെ ബഹുമാനിക്കുകയും, അനുസരിക്കുകയും ചെയ്തിരുന്നു. ആശ്രമത്തിലെ അംഗങ്ങളോടും, ദൈവജനത്തോടും, സ്നേഹപൂർവ്വം പെരുമാറിയിരുന്ന അദ്ദേഹം വിശാലമായ സ്നേഹിതഗണത്താൽ അനുഗൃഹീതനായിരുന്നു. രോഗികളെ സന്ദർശിക്കുവാനും ആശ്വസിപ്പിക്കുവാനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. പ്രവർത്തനങ്ങളുടെ ബഹളമോ, ജീവിതത്തിലെ ആഡംബരങ്ങളോ ഇഷ്ടപ്പെടാതിരുന്ന അച്ചൻ എല്ലാ കാര്യങ്ങളും ദൈവമഹത്വത്തിനും സഹജീവികളുടെ നന്മയ്ക്കും വേണ്ടി നിർവഹിച്ചു.

തിരുവനന്തപുരം സി.എം.ഐ. സെന്റ് ജോസഫ്സ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ റവ. ഫാ. സിറിയക്ക് മഠത്തിൽ സി.എം.ഐ., ജനറൽ കൗൺസിലർ റവ. സെബാസ്റ്റ്യൻ തെക്കേടത്ത്, മാന്നാനം ആശ്രമശ്രേഷ്ഠൻ ഫാ. സെബാസ്റ്റ്യൻ ചാമത്തറ, ബഹു. ജൂലിയാനച്ചന്റെ സഹോദരപൗത്രരായ റവ. ജെയിംസ് മഠത്തിൽചിറ, റവ. ഫാ. ആന്റണി മഠത്തിൽചിറ, തുടങ്ങിയ വൈദീകർ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ചരമപ്രസംഗം ബഹു. ജെ.ടി. മേടയിൽ അച്ചൻ നടത്തി. ബഹു. ജെയിംസ് ജൂലിയാനച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം. അച്ചനുവേണ്ടി നമ്മുടെ സഭാനിയമാപ്രകാരമുള്ള പ്രാർത്ഥനകൾ നടത്തണമെന്നഭ്യർത്ഥിക്കുന്നു.

മാന്നാനം
6.07.2015

പ്രാർത്ഥനയോടെ ഐക്യത്തിൽ
**ഫാ സെബാസ്റ്റ്യൻ ചാമത്തറ സി.എം.ഐ.**
പ്രിയോർ, മാന്നാനം

*കർമ്മലയിലെ സൗഗന്ധികങ്ങൾ*



## റവ. ഫാ. ക്ലേരൂസ് മുണ്ടത്താനം സി.എം.ഐ. (1931–2015)

പൂഞ്ഞാർ ചെറുപുഷ്പാംഗമായിരുന്ന ബഹു. ക്ലേരൂസ് മുണ്ടത്താനം സി.എം.ഐ. (84) 2015 ജൂൺ 21-ാം തീയ്യതി ഞായറാഴ്ച രാവിലെ കാഞ്ഞിരപ്പള്ളിയിലെ പ്രശാന്തഭവനത്തിൽ വച്ച് നിര്യാതനായി. മൃതസംസ്കാരം ജൂൺ 23-ാം തീയതി ചൊവ്വാഴ്ച 2 മണിക്ക് പാലാ സെന്റ് വിൻസെന്റ് ആശ്രമദേവാലയത്തിൽ പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിന്റെ കാർമികത്വത്തിൽ നടത്തപ്പെട്ടു.

ഉള്ളനാട് മുണ്ടത്താനം കുടുംബത്തിൽ പരേതരായ മൈക്കിൾ-അന്നമ്മ ദമ്പതികളുടെ രണ്ടാമത്തെ മകനായി 1931 ഒക്ടോബർ 10-ാം തീയ്യതി ജനിച്ചു. ബഹു.ക്ലേരുസച്ചൻ സ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം മാന്നാനം സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. 1952 ഒക്ടോബർ 15-ാം തീയതി വ്രതമനുഷ്ഠിച്ചു. ചെത്തിപുഴയിൽ നിന്ന് തത്വശാസ്ത്രത്തിലും ബാഗ്ളൂർ ധർമ്മരാം കോളേജിൽ

നിന്ന് ദൈവശാസ്ത്രത്തിലും പഠനങ്ങൾ പൂർത്തിയാക്കി. 1959 മെയ് 16ന് തിരുപ്പട്ടം സ്വീകരിച്ചു.

കോട്ടയം സെന്റ് ജോസഫ്സ് പ്രൊവിൻസ് വിദ്യാഭ്യാസ കൗൺസിലർ, പാലാ, കുര്യനാട്. മുത്തോലി, ചക്കുപള്ളം ആശ്രമാധിപൻ, കാഞ്ഞിരപ്പള്ളി മേരി ക്വീൻസ് ആശുപത്രി ഡയറക്ടർ, സെമിനാരിയിൽ സുറിയാനി, ലത്തീൻ, ഇംഗ്ലീഷ് ഭാഷാധ്യാപകൻ എന്നീ മേഖലകളിൽ ബഹു. ക്ലേരൂസച്ചൻ സുസ്ത്യർഹമായ സേവനമനുഷ്ഠിച്ചു. അറക്കുളം, അമനകര, കപ്പാട്, പൂഞ്ഞാർ, എന്നിവിടങ്ങളിൽ അജപാലനശുശ്രൂഷയിലും, അംബികാപൂർ, ബിലാസ്പൂർ, മിഷനുകളിലും സേവനമനുഷ്ടിച്ചു. മൂലമറ്റം സെന്റ് ജോസഫ്സ് കോളേജ് സ്ഥാപനത്തിന് അദ്ദേഹം നേതൃത്വം നൽകി.

പൗരോഹിത്യ ശുശ്രൂഷകളിൽ അതീവ താല്പരനായിരുന്ന അച്ചൻ, ആശ്രമദിനചര്യകളെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു. ആശ്രമത്തിലെ അംഗങ്ങളോടും ദൈവജനത്തോടും സ്നേഹപൂർവ്വമാണ് പെരുമാറിയിരുന്നത്. രോഗികളെ സന്ദർശിക്കുവാനും ആശ്വസിപ്പിക്കുവാനും കുമ്പസരിപ്പിക്കുവാനും അദ്ദേഹം സമയം കണ്ടെത്തി. പ്രവർത്തനങ്ങളുടെ ബഹളമോ, ജീവിതത്തിലെ ആഡംബരങ്ങളോ ഇഷ്ടപ്പെടാതിരുന്ന അച്ചൻ എല്ലാകാലങ്ങളിലും ദൈവമഹത്വത്തിനും സഹജീവികളുടെ നന്മയ്ക്കുംവേണ്ടി ജീവിതം മാറ്റി വച്ചു.

***Carmela Sandesam***
CMI Bulletin
CMI Generalate, Chavara Hills
P.B. No. 3105, Kakkanad P.O.
Kochi - 682 030

No. 228; September 2015
Phone : 0484-2881804
0484-2881816
E-mail: sthekkedathu@gmail.com
***For Private Circulation***

അടുത്ത ലക്കത്തിലേക്കുള്ള മാറ്റർ
2015 നവമ്പർ 15 നകം ഓഫിസിൽ
കിട്ടിയിരിക്കണം

All rights reserved, Reproduction in any manner, in whole or part,
without prior written permission prohibited.
Editor : **Fr. Sebastian Thekkedathu CMI**

Printed and Published by Fr. Sebastian Thekkedathu
for the CMI General Secretariat for Media of Communication